# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഒക്ടോബർ 16 | ദീപം 58 | നാളം 32 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ഭീകരവാദികൾ ഒഴുക്കുന്ന രക്തപ്പുഴകൾക്ക് നിറവ്യത്യാസമുണ്ടോ?




ഷെവലിയർ അഡ്വ. വി.സി.സെബാസ്റ്റ്യൻ


**ഭീ**കരാക്രമണങ്ങളും യുദ്ധങ്ങളും ലോകത്ത് സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ ഇന്നു കൂടുതൽ ശക്തമാകുന്നു. ഭീകരവാദത്തിന്റെ താണ്ഡവങ്ങളിൽ മരിച്ചുവീഴുന്ന നിരപരാധികളായ മനുഷ്യരെക്കുറിച്ച് വിലപിക്കാൻപോലും ശ്രമിക്കാതെ വിറങ്ങലിച്ചുനിൽക്കുന്ന വിചിത്ര മനഃസാക്ഷിയുള്ളവരായി പൊതുസമൂഹം അധഃപതിക്കുമ്പോഴും പലസ്തീൻ ജനതയ്ക്കുമാത്രം ഐക്യദാർഢ്യവുമായി ചില സംഘടനകൾ രംഗത്തുവന്നിരിക്കുന്നതിന്റെ പിന്നിലെന്ത് എന്ന ചോദ്യം ഏറെ പ്രസക്തമാണ്. ഇസ്രയേലിന്റെ അക്രമത്തിൽ മരിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കുംവേണ്ടി കേരളത്തിലെ ചില മതസംഘടനകളും ഇവരുടെ അരികുപറ്റി മുഖ്യരാഷ്ട്രീയപാർട്ടികളും ചില അവസരവാദികളും രംഗത്തെത്തിയിരിക്കുന്നത് ചിന്താശക്തയുള്ള പൊതുസമൂഹത്തിൽ ഒട്ടേറെ സംശയങ്ങളും ചോദ്യങ്ങളുമുയർത്തുന്നു.

പച്ചയായ മനുഷ്യനെ പിച്ചിച്ചീന്തി ജീവനെടുക്കുന്ന അതിക്രൂരത ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിശക്തമായി എതിർക്കപ്പെടേണ്ടതാണ്. എതിർപ്പിന്റെ പിന്നിൽ ജാതിയും മതവും രാഷ്ട്രീയവും ദേശവും നോക്കാതെ അന്തരാത്മാവിന്റെ ഉള്ളറകളിൽനിന്നുയരുന്ന ആത്മാർത്ഥതയുണ്ടാകണമെന്നുമാത്രം. ഇസ്രയേൽ എന്ന രാജ്യം ഹമാസ് എന്ന മതഭീകരവാദപ്രസ്ഥാനത്തിനുനേരെ തുടരുന്ന അക്രമം മാത്രമേ എതിർക്കപ്പെടേണ്ടതുള്ളോ എന്ന ചോദ്യം പല കോണുകളിൽ നിന്നുയരാൻ തുടങ്ങിയിരിക്കുന്നതു ചിന്തിക്കുന്ന ഒരു തലമുറ ഈ മണ്ണിൽ ഇന്നും ജീവിക്കുന്നുവെന്നതിന്റെ സാക്ഷ്യവും തെളിവുമാണ്. സാംസ്കാരികനായകന്മാരെന്നു സ്വയം വീരവാദം മുഴക്കുന്നവർപോലും മതഭീകരവാദത്തിനു കുടപിടിക്കുന്നവർക്കുമുന്നിൽ അന്തസ്സും ആത്മാഭിമാനവും പണയംവെച്ചു മുട്ടുമടക്കുന്നതു നിർഭാഗ്യകരവും ദയനീയവുമാണ്. ഇതിന്റെ ബാക്കി പത്രമാണ് കേരളത്തിൽ ചിലയിടങ്ങളിലും കൂടാതെ, ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന പലസ്തീൻ ഐക്യദാർഢ്യം.

ഇസ്രയേൽ-ഹമാസ് പോരാട്ടത്തിൽ മരിച്ചുവീഴുകയും പരിക്കേൽക്കുകയും ചെയ്യുന്ന ഒരു ജനതയോടുള്ള ഐക്യദാർഢ്യം മാത്രമായി ഇത്തരം ഒത്തുചേരലിനെ കാണാനാവുമോ? ഒരിക്കലുമില്ല. മറിച്ച്, ഭീകരവാദത്തെ വെള്ളപൂശിവെളുപ്പിക്കാനുള്ള അജണ്ടകൾ മാത്രമാണ് ഈ ഐക്യദാർഢ്യങ്ങൾക്കു പിന്നിലുള്ളത്. ഭീകരവാദത്തിനെതിരെയുള്ള ജനകീയമുന്നേറ്റമെന്ന് അതിനെ ന്യായീകരിക്കാൻ ശ്രമിച്ചാലും വിലപ്പോവില്ല. കാരണം, ഇസ്ലാം മതഭീകരവാദം അഴിഞ്ഞാടുന്നത് ഗാസയിൽ മാത്രമല്ല. വിവിധ രാജ്യങ്ങളിൽ മുസ്ലീം ഭീകരവാദക്രൂരതയിൽ കുട്ടികളും സ്ത്രീകളുമുൾപ്പെടെ ജീവൻ നഷ്ടപ്പെടുന്ന മനുഷ്യരുടെ രോദനങ്ങൾ മുഴങ്ങുകയും ഇതെക്കുറിച്ചുള്ള വാർത്തകൾ നിരന്തരം പങ്കുവയ്ക്കപ്പെടുകയും ചെയ്യുമ്പോൾ പലസ്തീനു മാത്രമായി ഐക്യദാർഢ്യം മുഴക്കുന്നതിനു പിന്നിൽ ഹമാസ് എന്ന ഭീകരവാദസംഘത്തെ പലസ്തീൻ ജനതയുടെ മറവിൽ സംരക്ഷിക്കുന്നതിന് തുല്യമാണ്.

## ജനങ്ങൾ വിഡ്ഢികളല്ല

2023 ഒക്ടോബർ 7 ന് ഇസ്രയേലിലേക്കു കടന്നുകയറി ആഘോഷങ്ങളിൽ മുഴുകിയിരുന്ന ഒരു സമൂഹത്തെ ഒന്നടങ്കം ആക്രമിച്ച് 1200 ൽപ്പരം പേരെ ക്രൂരമായി പീഡിപ്പിച്ച് നിറതോക്കിനിരയാക്കി ക്രൂരമായി കൊല്ലുകയും 250 ൽപ്പരംപേരെ ബന്ദികളാക്കുകയും ചെയ്ത ഹമാസ് എന്ന ഭീകരപ്രസ്ഥാനത്തിന്റെ ഭീകരതാണ്ഡവം ആർക്കും മറക്കാനായിട്ടില്ല. തങ്ങളുടെ രാജ്യത്തുനിന്ന് ബന്ദികളാക്കി പിടിച്ചെടുത്തവരെ തിരികെ ലഭിക്കണമെന്ന ഇസ്രയേൽ ആവശ്യത്തിനുനേരെ ഹമാസ് മുഖംതിരിച്ചുനിൽക്കുമ്പോൾ സ്വന്തം പൗരന്മാരെ സംരക്ഷിക്കേണ്ട ഇസ്രയേൽ രാജ്യത്തിന്റെ കടമയും ഉത്തരവാദിത്വവുമാണ് ഉറച്ച തീരുമാനങ്ങളിൽനിന്ന് ഒരടിപോലും പിന്നോട്ടില്ലാതെ ആ രാജ്യം നിർവ്വഹിക്കുന്നത്. ഗാസയിലെ ഇസ്രയേൽ ആക്രമണം പലസ്തീനികൾക്കെതിരെയല്ല. മറിച്ച്, ഹമാസ് എന്ന ഭീകരപ്രസ്ഥാനത്തിനെതിരെയാണ്. പലസ്തീന്റെ ഭരണം നിയന്ത്രിക്കുന്നത് ഹമാസാണെന്ന പരമാർഥം പലരും വിസ്മരിക്കുന്നു.

> **ഭീകരാക്രമണത്തിന് ഇരകളാകുന്നവരുടെ മതവിശ്വാസങ്ങളിൽ വ്യത്യാസങ്ങളുണ്ടാകാം. കറുപ്പും വെളുപ്പുമുൾപ്പെടെ ശരീരനിറങ്ങൾ വ്യത്യസ്തങ്ങളാകാം. ഭാഷയും സംസ്കാരവും രാഷ്ട്രീയവും സാമ്പത്തികവും വിഭിന്നങ്ങളുമാകാം. എന്നാൽ, ഇവരുടെയെല്ലാം അഥവാ നമ്മുടെയെല്ലാം ശരീരത്തിലെ സിരകളിലൂടെ ഒഴുകുന്ന രക്തത്തിന് ഒരു നിറമേയുള്ളൂ. ആ നിറം പച്ചയല്ല ചുവപ്പാണ്. മനുഷ്യരെ കൊന്നൊടുക്കി രക്തപ്പുഴയൊഴുക്കുന്ന ഭീകരവാദികൾക്കെതിരെയായിരിക്കണം മതവും വർഗവും വർണവും ജാതിയും രാഷ്ട്രീയവും നോക്കാതെ പൊതുസമൂഹം ഐക്യദാർഢ്യപ്പെടേണ്ടത്.**

2023 ഒക്ടോബർ 7 ന് ഹമാസ് നൽകിയ അടിക്ക് തിരിച്ചടികൾ രണ്ടുവർഷമായിട്ടും നിലയ്ക്കാതെ തുടരുന്നു. പലസ്തീനിലെ കുട്ടികളെയും സ്ത്രീകളെയും മനുഷ്യകവചങ്ങളാക്കി ഹമാസ് നടത്തുന്ന ഒളിപ്പോരിനെ അപലപിക്കാതെയും എതിർക്കാതെയും ഇസ്രയേലിനെതിരെ മാത്രം വിരൽ ചൂണ്ടുന്നത് ശരിയല്ല. ജൂതന്റെ കുഞ്ഞ് ഭീകരാക്രമണത്തിൽ പിടഞ്ഞുമരിക്കുമ്പോൾ ആഹ്ലാദിക്കുക. ഗാസയിലെ കുഞ്ഞുങ്ങൾ ആക്രമിക്കപ്പെട്ട് മരണം വരിക്കുമ്പോൾ കരയുക; എന്തൊരു വിരോധാഭാസമാണ് ഈ വിചിത്രഭാവങ്ങൾ? പലസ്തീനു വേണ്ടിയല്ല; മറിച്ച്, ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിരന്തരം അഴിഞ്ഞാടുന്ന മതഭീകരവാദ സംഘങ്ങൾക്ക് എതിരെയാണ് മനുഷ്യമനഃസാക്ഷി ഉണരേണ്ടത്. യൂറോപ്പിലെ സമാധാനരാജ്യങ്ങളിലേക്ക് അഭയാർത്ഥികളായി കടന്നുചെന്നിട്ട് ആശ്രയം നൽകിയവരെ ആക്രമിച്ചു കീഴടക്കുന്ന മതഭീകരത എന്തേ നാം കാണാതെ പോകുന്നു? റഷ്യ-യുക്രെയ്ൻ യുദ്ധം തുടരവേ ഈ യുദ്ധത്തിൽ മരിച്ചുവീഴുന്നവരെയോർത്തു വിലപിക്കാനോ യുദ്ധം അവസാനിപ്പിക്കുവാനോ സമാധാനം നിലനിർത്തുവാനോ ശ്രമങ്ങൾ നടത്താൻ മടിക്കുന്നവർ ഹമാസ് ഭീകരരെ വെള്ളപൂശുവാൻ ശ്രമിക്കുന്നതിന്റെ പിന്നിലെ ദുരുദ്ദേശം വളരെ വ്യക്തമാണ്.

12



ഇസ്രയേൽ ഒരു ചരിത്രവിസ്മയം 12

ഡോ. കുര്യാസ് കുമ്പളക്കുഴി

# യുദ്ധത്തിന്റെ ബാക്കിപത്രം

യുദ്ധം ഒരിക്കലും ആർക്കും ലാഭമുണ്ടാക്കാറില്ല. ഇരുപക്ഷത്തിനും ആൾനാശവും ആയുധനഷ്ടവുമുണ്ടാകുന്നു. ജയിച്ചു എന്നു കരുതുന്ന രാജ്യവും ഏറെനാൾ അതിന്റെ മുറിവുകൾ നക്കിത്തോർത്തിക്കൊണ്ടേയിരിക്കണം. മരിച്ചവർ തിരിച്ചുവരുന്നില്ല. നഷ്ടപ്പെട്ടതു വീണ്ടെടുക്കപ്പെടുന്നില്ല.

ഇവിടെയൊരു സംശയമുണ്ടാകാം. സാധാരണ രണ്ടു രാഷ്ട്രശക്തികൾ തമ്മിലാണു യുദ്ധമുണ്ടാകാറ്. ഈ യുദ്ധം അങ്ങനെയായിരുന്നില്ല. പലസ്തീനിന്റെ ഭാഗമെന്നു കരുതപ്പെടുന്ന ഗാസയായിരുന്നു യുദ്ധക്കളമെങ്കിലും പലസ്തീൻ ഭരണകൂടം ഇസ്രയേലിനോടു യുദ്ധം പ്രഖ്യാപിച്ചിരുന്നില്ല. ഇസ്രയേലിന്റെ എതിർഭാഗത്ത് ഹമാസ് എന്ന ഭീകരപ്രസ്ഥാനമാണുണ്ടായിരുന്നത്.

തങ്ങളെ സ്വൈരമായി ജീവിക്കാൻ അനുവദിക്കാത്ത ഭീകരപ്രസ്ഥാനങ്ങളെ ഉന്മൂലനം ചെയ്യണം എന്ന ഇസ്രയേലിന്റെ ലക്ഷ്യം ഏതെങ്കിലുമൊരു രാഷ്ട്രത്തിനെതിരല്ല. അയൽരാജ്യങ്ങളായ ഇറാനിലെയും സിറിയയിലെയും ലെബനോണിലെയും ഭീകരരുടെ താവളങ്ങളിലേക്ക് ഇസ്രയേലിന്റെ ആയുധങ്ങൾ പറന്നുചെന്നു നാശം വിതച്ചു. പക്ഷേ, ആ രാജ്യങ്ങൾക്കെതിരേ ഇസ്രയേൽ യുദ്ധം പ്രഖ്യാപിച്ചിട്ടില്ല. അവിടങ്ങളിൽ ഒളിച്ചുപാർക്കുന്ന ഭീകരവാദികളെ മാത്രമേ അവർ ലക്ഷ്യം വച്ചുള്ളൂ. ഭീകരവാദികൾക്കു കനത്ത പ്രഹരം നല്കാൻ ഇസ്രയേലിനു സാധിക്കുകയും ചെയ്തു.

2024 ജനുവരി രണ്ടിന് ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിൽ ഒളിത്താവളത്തിലായിരുന്ന ഹമാസിന്റെ രാഷ്ട്രീയകാര്യ ഉപമേധാവി സാലിഹ് അൽ അരൂരി ഇസ്രയേൽ നടത്തിയ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

2024 മാർച്ച് 10 ന് ഹമാസിന്റെ ഡപ്യൂട്ടിലീഡർ മർവാൻ അബ്ദുൾ കരിം അൽ ഇസ്സയെ ഗാസയിലെ നുസൈറാത്തിൽ നടത്തിയ ആക്രമണത്തിലൂടെ ഇസ്രയേൽ വധിച്ചു.

2024 ജൂലൈ 31 ന്, ഹമാസിന്റെ രാഷ്ട്രീയ കാര്യമേധാവി ഇസ്മായിൽ ഹനിയയെ, അദ്ദേഹം ഇറാൻതലസ്ഥാനമായ ടെഹ്റാനിൽ സന്ദർശനം നടത്തുന്നതിനിടെ ഇസ്രയേൽ വധിച്ചു. അദ്ദേഹത്തിന്റെ മുറിയിൽ ഒളിച്ചുവച്ചിരുന്ന ഒരു സ്ഫോടകവസ്തു പൊട്ടിത്തെറിച്ചായിരുന്നു മരണം.

2024 സെപ്റ്റംബർ 27 ന്, ഹിസ്ബുല്ലമേധാവി ഹസൻ നസറല്ല, ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിലായിരിക്കെ, ഇസ്രയേൽ നടത്തിയ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു.

വീണ്ടും 2024 ഒക്ടോബർ 16 ന്, ഹമാസ് മേധാവികളിൽ പ്രമുഖനായ യാഹ്യ ഇബ്രാഹിം ഹസ്സൻ സിൻവാർ വടക്കൻ ഗാസയിൽ ഇസ്രയേൽ നടത്തിയ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു.

2024 സെപ്റ്റംബർ 19 ന് ലെബനനിലെയും സിറിയയിലെയും ജനങ്ങൾ പ്രത്യേകിച്ചു തീവ്രവാദികൾ ഉപയോഗിച്ചിരുന്ന 5000ലധികം പേജറുകളും വാക്കിടോക്കികളും പൊട്ടിത്തെറിച്ചു. 32 പേർ കൊല്ലപ്പെടുകയും ആയിരത്തിലധികം പേർക്കു പരിക്കേല്ക്കുകയും ചെയ്തു. അവയിലെ ബാറ്ററികളിൽ രഹസ്യമായി നിഷേധിച്ചിരുന്ന സ്ഫോടകവസ്തുക്കളാണ് പൊട്ടിത്തെറിക്കു കാരണമായത്. ഇത് ഇസ്രയേൽ കണ്ടെത്തിയ പുതിയ ആയുധപ്രയോഗമായി വിലയിരുത്തപ്പെടുന്നു. അതിന്റെ നിർമാണരഹസ്യമെന്തെന്ന് ഇനിയും വെളിപ്പെട്ടിട്ടില്ല.



ഏതാനും ഭീകരവാദികളെ വധിച്ചതുകൊണ്ടു ഭീകരപ്രസ്ഥാനങ്ങൾ ഇല്ലാതാകുമോ എന്നു ചോദിക്കാം. പക്ഷേ, അവരുടെ ഇരകളായിത്തീരേണ്ടിവരുന്ന രാഷ്ട്രങ്ങൾക്കു മറ്റെന്തു പോംവഴിയാണുള്ളത്? അൽക്വയിദയുടെ തലവൻ ബിൻലാദനും ഇസ്ലാമിക് സ്റ്റേറ്റ് മേധാവി അബുബക്കർ അലി ബാഗ്ദാദിയും വധിക്കപ്പെട്ടതിനുശേഷം ആ പ്രസ്ഥാനങ്ങൾ ദുർബലമാവുകയുണ്ടായി. ഇനി പൂർവാധികം ശക്തിയോടെ എന്നെങ്കിലും മടങ്ങിയെത്തുമോ ഇല്ലയോ എന്നു പറയാനാവില്ല. ജലപ്രളയത്തിനുമുമ്പു ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനെ പുനരവലോകനം ചെയ്തപ്പോൾ അവന്റെ മനസ്സു തിന്മയിലേക്കു ചാഞ്ഞിരിക്കുന്നതായി അവിടുന്നു കണ്ടു എന്നു വിശുദ്ധഗ്രന്ഥം പറയുന്നുണ്ടല്ലോ. ആധുനികകാലത്തും അതിനു മാറ്റമുണ്ടെന്നു പറയാനാവില്ല.

യുദ്ധം രാഷ്ട്രങ്ങൾ തമ്മിലായാലും ഭീകരവാദികൾക്കെതിരേ ആയാലും ജനങ്ങളുടെ ജീവനും സ്വത്തുമാണ് നഷ്ടപ്പെടുന്നത്. ഗാസായുദ്ധത്തിന്റെ ബാക്കിപത്രമെന്തെന്നു നോക്കാം.

2023 ഒക്ടോബർ ഏഴുമുതൽ, വെടിനിർത്തലുണ്ടായ 2025 ജനുവരി 15 വരെ ഗാസയിൽ കൊല്ലപ്പെട്ടത് 46788 പേരാണ്. ഇവരിൽ 17655 കുട്ടികളും 12048 സ്ത്രീകളും ഉൾപ്പെടുന്നു.

വെടിനിർത്തലിനുശേഷവും ഒറ്റപ്പെട്ട ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെയുണ്ടായ മരണങ്ങൾകൂടി ചേർക്കുമ്പോൾ മരണസംഖ്യ 57000 കവിഞ്ഞിരിക്കുന്നു എന്നാണു പുതിയ കണക്കുകളിൽ കാണുന്നത്. 12000 ത്തോളം പേരെ കാണാതായിട്ടുണ്ട്. ഒരു ലക്ഷത്തിപ്പതിനായിരം പേർക്കു പരിക്കു പറ്റിയിട്ടുണ്ട്. അഭയാർത്ഥികളുടെ സംഖ്യ പത്തൊമ്പതുലക്ഷം കവിഞ്ഞിരിക്കുന്നു. അനാഥരായിത്തീർന്ന കുട്ടികളുടെ എണ്ണം ഇരുപതിനായിരം വരും. 88 ശതമാനം സ്കൂളുകളും 50 ശതമാനം ആശുപത്രികളും തകർന്നു. ഇല്ലാതായ വീടുകൾ 92 ശതമാനം വരും. ആകെ കെട്ടിടങ്ങളിൽ 80 ശതമാനവും നിലംപൊത്തി. 68 ശതമാനത്തിലധികം കൃഷിയിടങ്ങളും റോഡുകളും ഇല്ലാതായി.

> **തങ്ങളെ സ്വൈരമായി ജീവിക്കാൻ അനുവദിക്കാത്ത ഭീകരപ്രസ്ഥാനങ്ങളെ ഉന്മൂലനം ചെയ്യണം എന്ന ഇസ്രയേലിന്റെ ലക്ഷ്യം ഏതെങ്കിലുമൊരു രാഷ്ട്രത്തിനെതിരല്ല. അയൽരാജ്യങ്ങളിൽ ഒളിച്ചുപാർക്കുന്ന ഭീകരവാദികളെ മാത്രമേ അവർ ലക്ഷ്യം വച്ചുള്ളൂ.**

ഇതിനൊക്കെ പുറമേയാണു ഗുരുതരമായ ഭക്ഷ്യദൗർലഭ്യം. മൂന്നരലക്ഷം പേർ അതീവഗുരുതരമായ പട്ടിണിയിലാണത്രേ.

ഇസ്രയേലിലെ മരണം 1200 മാത്രമേയുള്ളൂ. 251 പേരെ ഹമാസ് തടവുകാരാക്കി പിടിച്ചുകൊണ്ടുപോയി.

ജനുവരി 15 ലെ ഒത്തുതീർപ്പോടുകൂടി യുദ്ധം അവസാനിച്ചോ? ഇല്ലെന്നാണു സൂചനകൾ. യുദ്ധം നിർത്തണമെന്ന് എല്ലാവരും ആവശ്യപ്പെടുന്നത് ഇസ്രയേലിനോടു മാത്രമാണ്. ഹമാസിനോട് ആയുധം താഴെ വയ്ക്കാൻ ആരുമെന്തേ ആവശ്യപ്പെടുന്നില്ല? ഹമാസ് ഭീകരരോടു ഗാസയിലെ ജനങ്ങളെ വിട്ടുപോകാൻ ആരും പറയാത്തതെന്താണ്? ഏകപക്ഷീയമായ കുറ്റപ്പെടുത്തലുകൾകൊണ്ടു പ്രശ്നപരിഹാരമുണ്ടായില്ല. ഹമാസിനെ നിയന്ത്രിക്കാൻ ചെറുവിരൽ പോലും അനക്കാത്തവർക്ക് ഇസ്രയേലിനെ കുറ്റപ്പെടുത്താൻ എന്തവകാശം? പല രാഷ്ട്രങ്ങളും പ്രസ്ഥാനങ്ങളും വൻ സാമ്പത്തികസഹായം നല്കി ഹമാസിനെ പ്രോത്സാഹിപ്പിക്കുന്നിടത്തോളംകാലം അവരെങ്ങനെ സമാധാനത്തിന്റെ വഴിയിൽ വരും?

ഈ ലോകത്തിനെന്തോ കാര്യമായ തകരാറുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. ഗാസയിലെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും നിലവിളി കേൾക്കുന്ന അവർ യുക്രെയിനിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും നിലവിളി കേൾക്കുന്നില്ലേ? 2014 ഫെബ്രുവരിയിൽ ആരംഭിച്ച്, 2022 ഫെബ്രുവരിയിൽ രൂക്ഷമായ, ഇപ്പോഴും തുടരുന്ന യുക്രെയിൻ യുദ്ധം ആരെയും അലോസരപ്പെടുത്തുന്നില്ല! റഷ്യയോട് അരുതേ എന്നു പറയാൻ സ്വാർത്ഥികളായ രാഷ്ട്രത്തലവന്മാർക്കു നാവുയരുന്നില്ല.

മധ്യപൂർവദേശത്തെ അശാന്തി ഇനിയും കെട്ടടങ്ങുന്നില്ല. ഹമാസ് ഭീകരർ ആയുധം താഴെ വയ്ക്കുകയും ഭീകരപ്രസ്ഥാനങ്ങളുടെ ഇസ്രയേൽവിരുദ്ധതയ്ക്കു ശമനമുണ്ടാകുകയും ചെയ്യുന്നതുവരെ അവിടെ സമാധാനം പുലരില്ല. ഒപ്പം, യഹൂദർക്കും ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് അറബ്രാഷ്ട്രങ്ങൾ അംഗീകരിക്കുകയും വേണം.

ഇതിനൊരു മറുവശംകൂടിയുണ്ട്. അതിക്രൂരമായ പീഡനങ്ങളുടെ ഇരകളായിത്തീരാൻ വിധിക്കപ്പെട്ട യഹൂദജനതയുടെ ഹൃദയം പ്രതികാരചിന്തകളാൽ കലുഷിതമാണ്. 'കണ്ണിനു കണ്ണ്, പല്ലിനുപല്ല്' എന്ന പഴയനിയമനീതിയുടെ നിരാർദ്രതയിൽനിന്നു പുറത്തുകടക്കാൻ അവർക്കാവില്ല. പ്രതികാരത്തിനുള്ള ഏതൊരവസരവും അതിനാൽത്തന്നെ, അവർ പാഴാക്കുകയില്ല. അതവരുടെ നിലനില്പിന് അനിവാര്യമാണെന്നവർ കരുതുന്നു.

അഡോൾഫ് ഐക്മാന്റെ കഥ തന്നെ ഒരുദാഹരണം. ജർമൻ നാസി പാർട്ടി നേതാവായിരുന്ന ഐക്മാൻ യുദ്ധകാലത്ത് ഹിറ്റ്ലറുടെ പട്ടാളമേധാവികളിലൊരാളായിരുന്നു. യഹൂദവിരോധംകൊണ്ട് അന്ധനായിപ്പോയ അയാളാണ് കുപ്രസിദ്ധമായ യഹൂദകൂട്ടക്കൊലയുടെ സൂത്രധാരന്മാരിൽ പ്രധാനി. യഹൂദരെ കൂട്ടത്തോടെ അറസ്റ്റു ചെയ്തു കോൺസൻട്രേഷൻ ക്യാമ്പുകളിലേക്കും ഗ്യാസ് ചേമ്പറുകളിലേക്കും കൊണ്ടെത്തിക്കുന്നത് അയാളുടെ ക്രൂരവിനോദമായിരുന്നു. ചരിത്രം കണ്ടിട്ടില്ലാത്ത അത്ര ക്രൂരമായ പീഡനമുറകൾ യഹൂദർക്കുമേൽ അയാൾ അഴിച്ചുവിട്ടു. 1945 ൽ യുദ്ധം അവസാനിക്കുന്ന ഘട്ടത്തിൽ സഖ്യകക്ഷിസൈന്യം ഐക്മാനെ പിടികൂടി തടവിലാക്കിയെങ്കിലും അവിടെനിന്നു രക്ഷപ്പെട്ട് അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിൽ അയാൾ ഒളിവിൽ പാർത്തു.

ഇസ്രയേലിന്റെ രൂപീകരണശേഷം, അവരുടെ ഇന്റലിജൻസ് സംഘമായ മൊസാദിന്റെ ചാരന്മാർ ഐക്മാനെ തേടിയിറങ്ങി. 1960 മേയ് 11 ന് ബ്യൂണസ് അയേഴ്സിൽനിന്ന് അയാളെ അവർ പിടികൂടി ഇസ്രയേലിലെത്തിച്ചു. ഇസ്രയേൽ സുപ്രീംകോടതി ഐക്മാനെ വിചാരണ ചെയ്തു. ലോകരാഷ്ട്രങ്ങളുടെ മുഴുവൻ ശ്രദ്ധയാകർഷിച്ച സംഭവം. യുദ്ധകാലത്തു യഹൂദർക്കും മനുഷ്യരാശിക്കുമെതിരേ ചെയ്ത കുറ്റങ്ങളായിരുന്നു അയാൾക്കെതിരേ ചുമത്തപ്പെട്ടത്. വിചാരണയ്ക്കൊടുവിൽ ഐക്മാനു വിധിച്ചതു മരണശിക്ഷയാണ്. 1962 ജൂൺ ഒന്നിന് ഇസ്രയേലിലെ രാമിയായിൽ അയാളെ തൂക്കിലേറ്റി. സ്വന്തം രാജ്യം ലഭിച്ചശേഷം ലോകമെമ്പാടുമുള്ള യഹൂദരെ ഇത്രയേറെ ആഹ്ലാദിപ്പിച്ച മറ്റൊരു സംഭവമില്ല.

അവസരം കിട്ടിയിരുന്നെങ്കിൽ ഇസ്രയേൽക്കാർ ഹിറ്റ്ലറോടും ഇതുതന്നെ ചെയ്യുമായിരുന്നു. എങ്കിൽ അയാൾക്ക് ആത്മഹത്യ ചെയ്യേണ്ടി വരുമായിരുന്നില്ല!

ഇപ്പോൾ ഗാസയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. ഒരിക്കൽ ഇരകളായിരുന്നവർ പ്രതികാരം ചെയ്യുമ്പോൾ, അതിന്റെ നൈതികതയെക്കുറിച്ചു ചിന്തിക്കാനുള്ള വിവേകമൊന്നും അവർക്കുണ്ടാവണമെന്നില്ല. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**

അവർ ആശ്ചര്യപ്പെട്ടു പറഞ്ഞു: ഇവൻ ആര്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നുവല്ലോ!
മത്താ. 8:27

**എഡിറ്റോറിയൽ**

# സഫലമാകട്ടെ സമാധാനപരിശ്രമങ്ങൾ

സംഘർഷഭരിതമായ ലോകത്തിന്റെ ആകാശങ്ങളിൽ സമാധാനത്തിന്റെ വെള്ളരിപ്രാവ് ചിറകടിക്കുമോ? പശ്ചിമേഷ്യയെ ദുരിതക്കയത്തിലാഴ്ത്തിയ ഇസ്രയേൽ-ഹമാസ് യുദ്ധത്തിന്റെ രണ്ടാം വാർഷികമായ ഒക്ടോബർ ഏഴിന്, ഈജിപ്തിലെ ഷാമെൽ ഷെയ്ഖ് റിസോർട്ടിൽ ആരംഭിച്ച സമാധാനചർച്ചയിൽ പ്രതീക്ഷയർപ്പിച്ച് ലോകം കാത്തിരിക്കുന്നു. യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവച്ച 20 ഇന സമാധാനപദ്ധതിയിൽ ഈജിപ്തിന്റെയും ഖത്തറിന്റെയും മധ്യസ്ഥതയിലാണു ചർച്ച. ബന്ദികളുടെ മോചനവും പലസ്തീൻ തടവുകാരുടെ കൈമാറ്റവുമാണ് ആദ്യഘട്ടത്തിൽ ചർച്ച ചെയ്യുക.

2023 ഒക്ടോബർ ഏഴിന് ഹമാസ് തെക്കൻ ഇസ്രയേലിൽ നടത്തിയ മിന്നലാക്രമണം യുദ്ധമര്യാദയുടെ സകല സീമകളും ലംഘിക്കുന്നതായിരുന്നു. ഇസ്രയേലിന്റെ സുരക്ഷാസംവിധാനങ്ങൾക്കേറ്റ കനത്ത പ്രഹരവും. ആയിരത്തിഇരുന്നൂറിലേറെ ഇസ്രയേൽപൗരന്മാരാണ് അന്നു കൊല ചെയ്യപ്പെട്ടത്. 251 പേരെ ഹമാസ് ബന്ദികളാക്കുകയും ചെയ്തു. അതേനാണയത്തിൽ ഇസ്രയേൽ നടത്തിയ തിരിച്ചടി സമാനതകളില്ലാത്ത ഒരു യുദ്ധത്തിന്റെ ആരംഭമായിരുന്നു. 67,000 ൽ ഏറെ പലസ്തീൻകാരുടെ കൂട്ടക്കുരുതിയിലേക്കും എണ്ണിയാലൊടുങ്ങാത്ത മനുഷ്യദുരന്തത്തിലേക്കുമാണ് അതു നയിച്ചത്. സമാധാനശ്രമങ്ങളുമായി വിവിധ രാജ്യങ്ങളും സംഘടനകളും ഈ രണ്ടു വർഷത്തിനിടെ രംഗത്തുവന്നെങ്കിലും ഫലം നാസ്തിയായിരുന്നു. ഇതിനിടെ ബന്ദിവിമോചനത്തിനായി താത്കാലികവെടിനിർത്തലുകൾ ഉണ്ടായെങ്കിലും അതിനും ആയുസ്സു കുറവായിരുന്നു.

ഇസ്രയേൽ-ഹമാസ് ഏറ്റുമുട്ടലായി ആരംഭിച്ച സംഘർഷം ഒരു കൊടിയ യുദ്ധമായി പരിണമിക്കുന്ന കാഴ്ചയാണു ലോകം പിന്നീടു കണ്ടത്. യുദ്ധത്തിലേക്കു കൂടുതൽ കക്ഷികൾ പങ്കുചേർന്നതോടെ പശ്ചിമേഷ്യയാകെ പടർന്ന സംഘർഷമായി അതു മാറി. ഒരു ഘട്ടത്തിൽ, ഒരേസമയം പലസ്തീൻകാർക്കെതിരേ ഗാസയിലും, ഹിസ്ബുള്ളയ്ക്കെതിരേ ലബനനിലും ഹൂതികൾക്കെതിരേ യമനിലും, അധിനിവേശവെസ്റ്റ്ബാങ്കിലും സിറിയയിലും ഇറാക്കിലും ഇറാനിലും പോർമുഖം തുറന്ന് ഇസ്രയേൽ അതിന്റെ കരുത്തു കാട്ടുന്ന കാഴ്ചയും ലോകം കണ്ടു. ജൂലൈയിൽ 12 ദിവസം നീണ്ട ഇറാൻ-ഇസ്രയേൽ യുദ്ധത്തിൽ യുഎസും പങ്കുചേർന്നതോടെ സംഘർഷം ആഗോളതലത്തിലേക്കു വ്യാപിച്ചു.

ഏതായാലും, വലിയ പ്രതീക്ഷ പകരുന്നതാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സമാധാന ചർച്ചകൾ. ട്രംപ് മുന്നോട്ടുവച്ച ഗാസസമാധാനപദ്ധതിയോട് ഇരുകൂട്ടരും തത്ത്വത്തിൽ യോജിപ്പു പ്രകടിപ്പിച്ചതുതന്നെ ആശ്വാസകരമാണ്. ചില വ്യവസ്ഥകൾ അംഗീകരിച്ചതായി പ്രഖ്യാപിച്ച ഹമാസ്, എല്ലാ ബന്ദികളെയും മോചിപ്പിക്കാമെന്നും ഗാസയുടെ ഭരണം പലസ്തീൻവിദഗ്ധർക്കു കൈമാറാമെന്നുമാണ് സമ്മതിച്ചത്. എന്നാൽ, ആയുധം ഉപേക്ഷിക്കണമെന്ന ആവശ്യത്തോട് അവർ പ്രതികരിച്ചിട്ടില്ല. അതേസമയം സമാധാനപദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കാൻ ഒരുക്കം തുടങ്ങിയെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവിന്റെ ഓഫീസ് അറിയിക്കുകയുണ്ടായി. ബന്ദികളെ ഹമാസ് മോചിപ്പിക്കുന്നതിനുപിന്നാലെ ഗാസയിൽനിന്നു ഘട്ടംഘട്ടമായി ഇസ്രയേൽസൈന്യം പിന്മാറണമെന്നാണ് ട്രംപ് മുന്നോട്ടുവച്ചിരിക്കുന്ന വ്യവസ്ഥ. എന്നാൽ, ബന്ദികളെ കൈമാറുന്നതിനൊപ്പം ഇസ്രയേൽസൈന്യം പൂർണമായും ഗാസയിൽനിന്നു പിൻവാങ്ങണമെന്ന മുൻനിലപാട് ഹമാസ് ആവർത്തിക്കുന്നു. തങ്ങൾക്കുകൂടി പങ്കാളിത്തമുള്ള, പലസ്തീന്റെ പരമാധികാരത്തിലൂന്നിയുള്ള രാഷ്ട്രീയപരിഹാരമാണ് ഹമാസ് ലക്ഷ്യമിടുന്നത്. എന്തായാലും, ഗാസയുടെ ഭാവിയിൽ തുടർന്നും പങ്കുണ്ടാകുമെന്ന് അവർ സൂചിപ്പിച്ചുകഴിഞ്ഞു. പലസ്തീൻ-അറബ് വിശാല ചർച്ചയിലൂടെയാവണം യുഎസ് പദ്ധതിയിലെ മറ്റു നിർദേശങ്ങൾ തീരുമാനിക്കേണ്ടതെന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

സങ്കടകരമെന്നു പറയട്ടെ, ഇതെഴുതുമ്പോൾ ഒടുവിൽ ലഭിക്കുന്ന വാർത്ത, ഗാസയുദ്ധത്തിന്റെ രണ്ടാം വാർഷികദിനത്തിലും ഇസ്രയേൽ കര, കടൽ, വ്യോമാക്രമണം തുടരുന്നുവെന്നാണ്. സൈനികനടപടി നിർത്തണമെന്ന യു. എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിർദേശം കാറ്റിൽപറത്തിയുള്ള ഈ ആക്രമണം സമാധാനശ്രമങ്ങൾക്കു മങ്ങലേല്പിക്കുന്നതായി. ബന്ദികളെ കൈമാറുന്നതിനുള്ള ചർച്ചകൾക്കു തടസ്സമാണ് ആക്രമണമെന്നു ഹമാസും, ട്രംപിന്റെ പദ്ധതിയനുസരിച്ച് ഇസ്രയേൽ ഗാസയിലെ ആക്രമണം നിർത്തിവയ്ക്കേണ്ടതായിരുന്നുവെന്നു ഖത്തറും പ്രതികരിക്കുകയുണ്ടായി.

യുദ്ധങ്ങൾ എന്നും എവിടെയും ദുഃഖങ്ങൾ മാത്രമേ അവശേഷിപ്പിച്ചിട്ടുള്ളൂ എന്നതു ചരിത്രപാഠമാണ്. ഇന്നോളമുള്ള യുദ്ധങ്ങളിലൂടെ സംഭവിച്ച തീരാനഷ്ടങ്ങളുടെ കണക്കെടുത്താൽ അതു ഭയാനകമാണ്, ഹൃദയഭേദകമാണ്. എങ്കിലും, അനിവാര്യമായ ചില സാഹചര്യങ്ങൾ വീണ്ടും വീണ്ടും യുദ്ധങ്ങളെ ജനിപ്പിക്കുന്നു. പക്ഷേ, അതു ലോകാവസാനത്തോളം നീളാൻ അനുവദിക്കരുത്. ചോര കണ്ട് അറപ്പുതീർന്ന നേതാക്കളുടെ യുദ്ധക്കൊതി സമാധാനശ്രമങ്ങൾക്കു വിലങ്ങുതടിയാകരുത്. റഷ്യ-യുക്രെയ്ൻ യുദ്ധം മൂന്നരവർഷത്തിലേറെയായി തുടരുന്നു. ആരൊക്കെ എന്തൊക്കെ പ്രകോപനം സൃഷ്ടിച്ചാലും, ഗാസയിൽ ശാശ്വതസമാധാനം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ ഫലമണിയണമേ എന്ന ഒറ്റപ്രാർഥനയേ ഇപ്പോൾ ലോകത്തിനുള്ളൂ. അതു സഫലമാകട്ടെ.

■

# വലിയ മല്പാൻ തോമ്മാ കത്തനാരെ പാലാ രൂപത ആദരിച്ചു




*ഭാരതത്തിന്റെ വലിയ മല്പാൻ എന്ന പദവിക്ക് ആദ്യമായി അർഹനായ കൂനമ്മാക്കൽ തോമ്മാ കത്തനാരെ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിക്കുന്നു. മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ സമീപം.*

പാലാ: ഭാരതത്തിന്റെ വലിയ മല്പാൻ എന്ന പദവിക്ക് ആദ്യമായി അർഹനായ പ്രസിദ്ധ സുറിയാനിപണ്ഡിതനും ദൈവശാസ്ത്രവിദഗ്ധനുമായ കൂനമ്മാക്കൽ തോമ്മാ കത്തനാരെ പാലാ രൂപതയുടെ നേതൃത്വത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിച്ചു. ചേർപ്പുങ്കലിലെ വൈദിക മന്ദിരമായ കാസാ ദെൽ ക്ലയറോയിൽ നടന്ന ചടങ്ങിൽ കേക്കു മുറിച്ച് മധുരം പങ്കുവയ്ക്കുകയും ചെയ്തു.

നൂറുകണക്കിനു വൈദികർക്ക് അറിവുപകർന്നുനല്കിയ കൂനമ്മാക്കൽ തോമ്മാ കത്തനാർക്ക് അർഹമായ അംഗീകാരമാണ് ഭാരതത്തിലെ വലിയ മല്പാൻ പദവിയിലൂടെ ലഭിച്ചിരിക്കുന്നതെന്ന് ബിഷപ് പറഞ്ഞു. കോട്ടയം സീരിയാണ് കൂനമ്മാക്കൽ തോമ്മാ കത്തനാർക്ക് ഭാരതത്തിന്റെ വലിയ മല്പാൻ പദവി നല്കിയത്. റൂബി ജൂബിയാഘോഷിക്കുന്ന സീരിയിൽ ദീർഘകാലം അധ്യാപകനായിരുന്നു അദ്ദേഹം. പാലാ രൂപതയിലെ വൈദികനായ അദ്ദേഹം സുറിയാനിഭാഷയിൽ ഡോക്ടറേറ്റു നേടിയ വ്യക്തിത്വവും ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്.

പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, വികാരി ജനറാൾമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ, ആശുപത്രി പ്രോജക്ട്സ്, ഐടി, ലീഗൽ ആൻഡ് ലെയ്സൺ ഡയറക്ടർ ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു.

# മെഡിസിറ്റിയിലെ ജീവനക്കാരുടെ ഹ്രസ്വചിത്രം ‘തിരികെ’ പുറത്തിറങ്ങി

പാലാ: മാർ സ്ലീവാ മെഡിസിറ്റിയിലെ ജീവനക്കാർ മാത്രം ചേർന്നു നിർമിച്ച ഹ്രസ്വചിത്രം ‘തിരികെ’ പുറത്തിറങ്ങി. തലച്ചോറിലെ ട്യൂമറുകളുടെ പ്രാരംഭലക്ഷണങ്ങൾ അവഗണിക്കുന്നതിന്റെ അപകടങ്ങളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ കഥയാണു ചിത്രം പറയുന്നത്.

കഥയും സംവിധാനവും ന്യൂറോ സർജൻ ഡോ. എം.കെ. സരീഷ് കുമാർ നിർവഹിച്ചിരിക്കുന്നു. അനീഷ് ആനിക്കാടിന്റേതാണ് തിരക്കഥയും ക്രിയേറ്റീവ് ഡയറക്ഷനും. ചിത്രസംയോജനം നിർവഹിച്ചിരിക്കുന്നത് നിഖിൽ മറ്റത്തിൽ മഠത്തിലാണ്. വിജോ ജോസാണ് ചീഫ് അസോ. ഡയറക്ടർ. മനു പള്ളിക്കത്തോട് ഛായാഗ്രഹണവും ഫ്രെയിംസ് എൻ വേവ്സ് കോട്ടയം സ്റ്റുഡിയോയും നിർവഹിച്ചിരിക്കുന്നു. ഡോ. എം. കെ. സരീഷ്കുമാർ, ജോബിൻ ജോൺ, എസ്. അനിഷാ റാണി, ഡോണി ജോൺസൺ എന്നിവരാണ് അഭിനേതാക്കൾ.

തുടർച്ചയായ തലവേദന, കാഴ്ചക്കുറവ്, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങൾ പലപ്പോഴും സ്ട്രെസ് കാരണമെന്നോ നിസ്സാരമായ ആരോഗ്യപ്രശ്നങ്ങളായോ കരുതി അവഗണിക്കുന്ന ഒരു രോഗിയുടെ യാത്രയാണ് ചിത്രം പിന്തുടരുന്നത്. നേരത്തേയുള്ള രോഗനിർണയം ജീവൻ രക്ഷിക്കുന്നു. തലച്ചോറിലെ ട്യൂമറുകളുടെ രോഗനിർണയം വൈകുന്നത് സാധാരണമാണ്. ആരോഗ്യത്തിനു മുൻഗണന നല്കാനും തലച്ചോറിലെ ട്യൂമർലക്ഷണങ്ങളെക്കുറിച്ചുള്ള അശ്രദ്ധയുടെയും അജ്ഞതയുടെയും നിമിഷങ്ങളെ തകർക്കാനും ചിത്രം ജനങ്ങളെ പ്രചോദിപ്പിക്കുമെന്ന് അണിയറപ്രവർത്തകർ പറയുന്നു.

പതിവായതോ കൂടിക്കൂടി വരുന്നതോ ആയ തലവേദന, കാഴ്ചയിലോ സംസാരത്തിലോ ഉണ്ടാകുന്ന പെട്ടെന്നുള്ള ബുദ്ധിമുട്ടുകൾ, വിശദീകരിക്കാൻ കഴിയാത്ത ബലഹീനത, ബാലൻസ് തെറ്റൽ, അല്ലെങ്കിൽ അപസ്മാരം, വ്യക്തിത്വത്തിലോ സ്വഭാവത്തിലോ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ലക്ഷണങ്ങൾ രോഗം മൂർച്ഛിക്കുന്നതുവരെ പലപ്പോഴും അവഗണിക്കപ്പെടുന്നു. ഈ യാഥാർഥ്യങ്ങൾ ‘തിരികെ’യിലൂടെ പ്രേക്ഷകരിലേക്കെത്തിക്കുന്നു. ഇത്തരം ലക്ഷണങ്ങൾ ഗൗരവമായി കാണാനും ഉടൻ വൈദ്യസഹായം തേടാനും ഈ ചിത്രം സമൂഹത്തോട് അഭ്യർഥിക്കുന്നു. ഈ ഹ്രസ്വചിത്രം യൂട്യൂബിൽ ലഭ്യമാണ്.

നോവൽ 11



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

**മേ**ടയ്ക്കൻ സ്റ്റീൽസിന്റെ നഗരത്തിലെ ഷോറൂമിലിരുന്ന് അക്കൗണ്ടുകൾ പരിശോധിക്കുകയായിരുന്നു മാത്തുക്കുട്ടി. കുടുംബപ്രശ്നങ്ങൾ കാരണം കുറെ ദിവസമായി ബിസിനസ് കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാനയാൾക്കു കഴിഞ്ഞിരുന്നില്ല. പ്രാപ്തരും വിശ്വസ്തരുമായ സ്റ്റാഫുള്ളതുകൊണ്ട് കാര്യങ്ങളെല്ലാം മുറപോലെ മുന്നോട്ടുപോയി. മൊബൈൽ ഫോൺ റിങ്ങു ചെയ്തപ്പോൾ ഇത്തിരി ഉത്കണ്ഠയോടെ അയാളതെടുത്ത് ഓണാക്കി.

"ഹലോ... മാത്തുക്കുട്ടിയല്ലേ..?"

"അതെ."

"ശബ്ദം കേട്ടിട്ട് ആളെ പിടികിട്ടിയോ?"

"ഇല്ല. പതിവില്ലാത്ത ഒരു ശബ്ദമാണല്ലോ."

"പനമറ്റം സണ്ണിയാടാ."

"ഹൊ! താനെത്രകാലമായി വിളിച്ചിട്ട്?"

"ഇങ്ങോട്ടും വിളിച്ചില്ല. മുമ്പൊക്കെ ഡെയ്‌ലി പലവട്ടം വിളിച്ചോണ്ടിരുന്നവരല്ലേ, നമ്മൾ."

"എന്റെ കാര്യങ്ങളൊക്കെ വല്യ വാർത്തകളല്ലേ? കാണുന്നുണ്ടായിരിക്കുമല്ലോ, ടീവീലും പത്രത്തിലുമൊക്കെ."

"കാണുന്നുണ്ട്. വിളിച്ച് വെഷമം കൂട്ടണ്ടാന്നു വിചാരിച്ചു."

"ഇത്രയും മോശപ്പെട്ട ഒരു കാലം ജീവിതത്തിലിന്നോളമുണ്ടായിട്ടില്ല. വരുന്നതെല്ലാം അനുഭവിക്കുക. അല്ലാതെന്തു ചെയ്യും?"

"റോണി വീട്ടിലേക്കു വന്നോ?" അതോ ഇപ്പഴും വാടകവീട്ടിലാണോ?"

"വന്നില്ല. ഞാൻ ചെന്നു വിളിച്ചിട്ടും. അങ്ങേർക്കു മാറ്റമില്ല."

"ജോലിക്കു പോയിത്തുടങ്ങിയോ?"

"ഒന്നും എനിക്കറിയില്ല. ആ കല്യാണത്തോടെ ഞാനവനെ വെറുത്തതാ."

"മകനല്ലേ, മറന്നും ക്ഷമിച്ചുമൊക്കെ ജീവിക്കണ്ടേ?"

"അതുകൊണ്ടാണല്ലോ, കെട്ട്യോളും മകളും പറഞ്ഞതു കേട്ട് വീട്ടിലോട്ടു കൂട്ടിക്കൊണ്ടുവരാൻ ഞാൻ പോയത്. ജീനായെ കേറ്റാത്ത വീട്ടിലേക്ക് അവൻ വരുകേലന്ന്! ഞാൻ പിന്നേം നാണം കെട്ടു. ആ പെണ്ണിന്റെ ആങ്ങളച്ചെറുക്കൻ സ്റ്റേഷനിൽ എന്നെ പ്രതിയാക്കി കേസു കൊടുത്തിട്ടുണ്ട്. ഞാനവളെ ക്വൊട്ടേഷൻ കൊടുത്ത് കൊല്ലിച്ചെന്ന്."

"മരണം ആത്മഹത്യയാണെന്ന് എല്ലാവർക്കും അറിയാവുന്നതല്ലേ?"

"അതു പൂർണമായിട്ട് സ്ഥാപിച്ചെടുക്കാൻ പറ്റീട്ടില്ല. ചില ദുരൂഹതകൾ നിലനിൽക്കുന്നുമുണ്ട്. വിരോധമുള്ളയാളെയാണല്ലോ ആദ്യം സംശയിക്കുന്നത്."

"ഞാനിപ്പോൾ വിളിച്ചത് ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം പറയാനാ."

"പറയെടോ."

"ആ ജീനായുടെ അപ്പൻ കുറച്ചുദിവസമായിട്ട് മെന്റൽ ഹോസ്പിറ്റലിലായിരുന്നല്ലോ. അയാളിപ്പം വീട്ടിലെത്തീട്ടുണ്ട്."

"ആ വട്ടന്റെ കാര്യമെന്തിനാ, താനെന്നോടു പറയുന്നെ? താൻ ശവത്തെ കുത്തുകാണോ?"

"അതല്ല മാത്തുക്കുട്ടീ, അയാളാകെ വയലന്റാ. തന്നെ തട്ടി ജയിലിൽ പോകുമെന്നു പ്രഖ്യാപിച്ചെന്നു കേട്ടു. ഒന്നു ശ്രദ്ധിക്കണമെന്നു സൂചിപ്പിച്ചതാ."


"ഹൊ! അതു പേടിപ്പിക്കുന്ന കാര്യമാണല്ലോ? എപ്പഴാ എന്താ ചെയ്യുകാന്ന് ആർക്കറിയാം." മാത്തുക്കുട്ടി ശരിക്കും നടുങ്ങി.

"വട്ടന്മാർക്ക് ആരേം എന്തും ചെയ്യാം. അവരെ ശിക്ഷിക്കാനും നിയമമില്ല."

"കേട്ടിട്ട് തല മരയ്ക്കുന്നു. ലൈസൻസുള്ള റിവോൾവറുണ്ടെന്റെ കൈയിൽ. കൺമുമ്പിലെത്തിയാൽ ഞാൻ പൊട്ടിക്കും."

മേടയ്ക്കൽ പല്ലിറുമ്മി. ഫോൺ കട്ടാക്കുകയും ചെയ്തു.

* * * * *



കില്ലാടി കരുണൻ റോണിയുടെ വാടകവീട്ടുമുറ്റത്തെ കിണറിന്റെ ആഴങ്ങളിൽ മുങ്ങിത്തപ്പുകയാണ്. അതേസമയം സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസും കോൺസ്റ്റബിൾ രാജീവനുംകൂടി വീട്ടു പരിസരങ്ങൾ സൂക്ഷ്മമായി പരിശോധിച്ചുതുടങ്ങി. ജീനായുടെ മരണം ഒരു കൊലപാതകമാണെങ്കിൽ തൊണ്ടിസാധനങ്ങൾ കണ്ടെത്തണം. അവൾ ഉപയോഗിച്ചിരുന്ന മൊബൈൽ ഫോൺ, കൈമുറിക്കാനുപയോഗിച്ച ആയുധം, പ്രതിയുടെ സാന്നിധ്യം സൂചിപ്പിക്കുന്ന തെളിവുകൾ ഇതൊക്കെ കണ്ടെത്തുകയാണു ലക്ഷ്യം.

"സാർ, ജീനാ ആത്മഹത്യ ചെയ്തതാണെങ്കിൽ കൈ മുറിക്കാനുപയോഗിച്ച ഉപകരണം അവൾ മരിച്ചുകിടന്ന മുറിയിൽത്തന്നെ കാണേണ്ടതല്ലേ?" കോൺസ്റ്റബിൾ രാജീവൻ, സംശയമുന്നയിച്ചു.

"അതേ. മുറി നമ്മൾ രണ്ടു തവണ സേർച്ചു ചെയ്തതാണ്. ബ്ലേഡോ കത്തിയോ കിട്ടിയിട്ടില്ല. ആത്മഹത്യാക്കുറിപ്പും മൊബൈൽ ഫോണും കണ്ടെത്താൻ സാധിച്ചില്ല." മോഹൻ തോമസ് പറഞ്ഞു.

"ബുദ്ധിമാനായ പ്രതി തെളിവുകൾ നശിപ്പിക്കും. ഫോണും കത്തിയും കിണറ്റിൽനിന്നു കിട്ടാൻ ചെറിയ സാധ്യതയുണ്ട്."

"വീടിന്റെ സമീപത്തുതന്നെ അതുപേക്ഷിക്കണമെന്നില്ല. അതു രണ്ടും പൂർണമായി നശിപ്പിച്ചിരിക്കാനാണു സാധ്യത."

"റൂം ഒന്നുകൂടി സേർച്ച് ചെയ്താലോ, സാർ?"

"ഇന്നു വേണ്ട. തലേദിവസം ഇവിടെ ഒരാൾ വന്നിരുന്നു എന്നു വ്യക്തമായിട്ടുണ്ട്. തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന വിമുക്തഭടൻ സുകുമാരനിൽനിന്നാണു വിവരം കിട്ടിയത്."

"വന്നത് ശ്രീജിത്ത് ആകാനാണു സാധ്യത. അവനെ നമ്മൾ ചോദ്യം ചെയ്തിട്ടില്ല."

"ചോദ്യം ചെയ്യണം. അവനതു നിഷേധിക്കും. അപ്പോൾ വന്നതിന് വ്യക്തമായ തെളിവു കാണിക്കണം. കിട്ടാൻ സാധ്യത കുറവാണ്. ചിലപ്പോൾ സിഗരറ്റ് കുറ്റിയോ, കർച്ചീഫോ എന്തെങ്കിലും യാദൃച്ഛികമായി കിട്ടിയാൽ ഭാഗ്യം." സി.ഐ. പറഞ്ഞു.

"ജീനായുടെ കല്ലറയ്ക്കുമേൽ വച്ച പുഷ്പചക്രം ചെന്നെടുത്താലോ?" രാജീവൻ ചോദിച്ചു.

"അതു കൊള്ളാം. പുഷ്പചക്രം ശ്രീജിത്തുതന്നെ വച്ചതാണെന്നു പൂക്കടക്കാരിയുടെ മൊഴിയിൽനിന്നു തെളിയിക്കാൻ കഴിയും. അതു വണ്ടിയിൽ ചെന്ന് പൊക്കിക്കൊണ്ടുവാ വേഗം. നല്ലൊരു തെളിവാകും."

"ശരി സാർ." രാജീവൻ സന്നദ്ധനായി. അയാൾ അപ്പോൾത്തന്നെ പൊലീസ് ജീപ്പിൽ ജീനായുടെ ഇടവകപ്പള്ളിയിലേക്കു തിരിച്ചു. ഇരുപതു മിനിറ്റുകൊണ്ട് സ്ഥലത്തെത്തി. ജീപ്പ് പള്ളിമുറ്റത്ത് പാർക്കുചെയ്തശേഷം സെമിത്തേരിയിലേക്കു ഗേറ്റ് കടന്ന് ഇറങ്ങിച്ചെന്നു. അവിടം വിജനമായിരുന്നു. രാജീവൻ ജീനായുടെ കല്ലറയ്ക്കു മുമ്പിലെത്തി നോക്കിയപ്പോൾ പുഷ്പചക്രം അവിടെ കണ്ടില്ല. ആരോ അതെടുത്തു മാറ്റിയിരിക്കുന്നു! ചിലപ്പോൾ സെമിത്തേരി വൃത്തിയാക്കുന്നതിന്റെ ഭാഗമായി റീത്തുകളും മറ്റും എടുത്തുമാറ്റി ഏതെങ്കിലും പിറ്റിൽ നിക്ഷേപിച്ചതുമാകാം. രാജീവൻ നിരാശയോടെയാണ് സി.ഐ. മോഹൻ തോമസിന്റെ മുമ്പിൽ തിരിച്ചെത്തിയത്.

"അത്....അതവിടെ കണ്ടില്ല, സർ." സങ്കടത്തോടെ പറഞ്ഞു.

"ഒന്നും സാരമില്ല, രാജീവ്. താൻ മൊബൈലിലെടുത്ത ചിത്രം നമുക്കു പ്രിന്റാക്കണം. അതു കാട്ടിക്കൊണ്ട് ശ്രീജിത്തിനെ നമുക്കു ചോദ്യം ചെയ്യാം." സി.ഐ. പറഞ്ഞു.

വീടിന്റെ ചുറ്റുമുള്ള സ്ഥലം അവർ രണ്ടുപേരും സൂക്ഷ്മമായി പരിശോധിച്ചു. തെളിവുകൾ ഒന്നും കിട്ടിയില്ല.

"രാജീവാ, വിജയമ്മയുടെ മൊഴിയിൽ മുറി തുറന്നുകിടന്നതായി പറയുന്നില്ല. പൂട്ടിയിട്ടില്ലായിരുന്നെന്നു മാത്രം. അടഞ്ഞുകിടന്ന വാതിലിൽ മുട്ടിവിളിച്ചപ്പോഴാണ് തുറന്നുപോയതെന്നാ എഫ്.ഐ. ആറിൽ ചേർത്തിരിക്കുന്നത്."

"ജീനായുടേത് ആത്മഹത്യയാണെങ്കിൽ, അവൾ അവനോടു ചെയ്ത ഏറ്റവും വലിയ ക്രൂരതയാണ്, പകവീട്ടലാണ്. പെട്ടെന്നു മനസ്സിലുണ്ടാകുന്ന ഒരു വിസ്ഫോടനത്തിന്റെ ഫലമാണത്. മരിക്കുന്നവർ കടന്നുപോകുന്നു. പിന്നെ ജീവിച്ചിരിക്കുന്നവർ, അപമാനം, സങ്കടം, കുറ്റബോധം എന്നിവ ജീവിതം മുഴുവൻ അനുഭവിച്ചേ പറ്റൂ. പെട്ടെന്നുള്ള ഒരു തോന്നലിൽ നിന്നുണ്ടാകുന്ന ചിന്തയില്ലാത്ത പ്രവൃത്തിയാണ് ആത്മഹത്യ." സി.ഐ. മോഹൻ തോമസ് പറഞ്ഞു.

"ജീനായുടെ മരണം ആത്മഹത്യയാകാനും കൊലപാതകമാകാനുമുള്ള സാധ്യത ഫിഫ്റ്റി, ഫിഫ്റ്റിയാണ്. ആർക്കിടെക്ട് ശ്രീജിത്തിന് ഈ മരണത്തിൽ പങ്കുണ്ടെന്ന് സാർ സംശയിക്കുന്നുണ്ടോ?"

"പങ്കുണ്ടെന്ന് എനിക്കുറപ്പാണ്. ഒന്നുകിൽ അവൻ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചു. അല്ലെങ്കിൽ അവനവളെ കൊന്നു." സി.ഐ. ഉറപ്പോടെ പറഞ്ഞു.

"കൊടുംശത്രുതകൊണ്ടായിരിക്കുമല്ലോ അവളെ കൊലപ്പെടുത്തിയത്. പിന്നെന്തിന് കല്ലറയ്ക്കുമേൽ പുഷ്പചക്രം വച്ചു? രാജീവൻ സംശയം പ്രകടിപ്പിച്ചു.

ശേഷം 11-ാം പേജിൽ

# പ്രായത്തിന്റെ കഥയും കാര്യവും




വീയെൻ

**പ്രാ**യം ചെല്ലുംതോറും മനുഷ്യൻ പ്രായത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നു. പ്രായമേറിയിരിക്കുന്നുവെന്നതാണ് മനുഷ്യൻ ഏറ്റവുമധികം മറക്കാൻ ശ്രമിക്കുന്ന കാര്യവും. റിട്ടയർമെന്റ് കഴിഞ്ഞ ആളുടെപോലും മുടിക്കും മീശയ്ക്കും ഇപ്പോഴും എണ്ണക്കറുപ്പാണ്. കാരണം, അത്രത്തോളം നമ്മൾ പ്രായം വർദ്ധിക്കുന്നതിനെ ഭയക്കുന്നു; അല്ലെങ്കിൽ പ്രായം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു. സാധാരണക്കാരുടെപോലും അവസ്ഥ ഇതാണെങ്കിൽ സിനിമാതാരങ്ങളുടെ കാര്യം പറയാനുണ്ടോ?

നിത്യജീവിതത്തിൽ അവർ യൗവനം കൈമോശം വരാത്തവരായി പ്രത്യക്ഷപ്പെടുന്നതിനെ കുറ്റംവിധിക്കേണ്ട കാര്യമില്ല. പക്ഷേ, കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾപോലും തങ്ങളുടെ പ്രായത്തിന് അനുയോജ്യരായ കഥാപാത്രങ്ങളെയല്ല അവർ തിരഞ്ഞെടുക്കുന്നത് എന്നിടത്താണ് പലപ്പോഴും വിമർശനം നേരിടുന്നത്. യൗവനത്തിലാണെന്നു സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടാണ് അത്തരം കഥാപാത്രങ്ങളെ അവർ സ്വീകരിക്കുന്നത്. എന്നാൽ, അതിശയകരമെന്നു പറയട്ടെ തങ്ങളുടെ യൗവനകാലത്ത് കഥാപാത്രങ്ങൾക്കനുസരിച്ച് ഇന്നത്തെ സൂപ്പർതാരങ്ങളായ മമ്മൂട്ടിയും മോഹൻലാലും ഏതു വേഷവും അഭിനയിക്കാൻ തയ്യാറായിരുന്നുവെന്നതാണു വാസ്തവം.

മമ്മൂട്ടി മോഹൻലാലിന്റെ അച്ഛനായി അഭിനയിച്ചിരുന്നുവെന്നു പറയുമ്പോൾ ഇന്നത്തെ പുതുതലമുറയ്ക്കതു വിശ്വസിക്കാൻ പ്രയാസമായിരിക്കും. പക്ഷേ, 1982 ൽ പുറത്തിറങ്ങിയ മലയാളത്തിലെ ആദ്യത്തെ 70 എംഎം സിനിമയായ പടയോട്ടത്തിൽ മോഹൻലാലിന്റെ അച്ഛനായി വേഷമിട്ടത് മമ്മൂട്ടിയായിരുന്നു. 1951ലാണ് മമ്മൂട്ടിയുടെ ജനനവർഷം എന്നുകൂടി മനസ്സിലാക്കുമ്പോഴാണ് നാം അദ്ഭുതപ്പെടുന്നത്. പിന്നീട് മമ്മൂട്ടിയും മോഹൻലാലും സഹോദരന്മാരായും (നാണയം,) സുഹൃത്തുക്കളായും (ഹരികൃഷ്ണൻസ്) ഒക്കെ അഭിനയിച്ചിട്ടുണ്ടെന്നതു മറ്റൊരു കാര്യം.

പത്മരാജന്റെ മികച്ച സിനിമകളിലൊന്നായ കരിയിലക്കാറ്റുപോലെയിൽ മമ്മൂട്ടി കാർത്തികയുടെ അച്ഛനായിട്ടായിരുന്നു അഭിനയിച്ചത്. 1986 ലായിരുന്നു പ്രസ്തുത ചിത്രം പ്രദർശനത്തിനെത്തിയത്. മമ്മൂട്ടിയും കാർത്തികയും ജോടികളായും അഭിനയിച്ചിട്ടുണ്ട്, ജേസി സംവിധാനം ചെയ്ത 'അടുക്കാൻ എന്തെളുപ്പം' എന്ന സിനിമയിൽ. ഒരുപക്ഷേ ഇരുവരും ജോടികളായി അഭിനയിച്ച ഏകസിനിമയും അതുതന്നെയാവാം. ഒരുപാട് സിനിമകളിൽ മമ്മൂട്ടിയുടെ അമ്മയായി അഭിനയിച്ച ശ്രീവിദ്യ, അദ്ദേഹത്തിന്റെ ഭാര്യയായി അഭിനയിച്ച ഒരു സിനിമ മാത്രമേയുള്ളൂ-ഭദ്രന്റെ പൂമുഖപ്പടിയിൽ നിന്നെയും കാത്ത്. ഒരു കൗമാരക്കാരിയുടെ അച്ഛനായിട്ടായിരുന്നു മമ്മൂട്ടി അതിൽ അഭിനയിച്ചത്. സൈക്യാട്രിസ്റ്റായ ഐസക് എന്ന തലനരച്ച കഥാപാത്രം.

ഫാസിലിന്റെ മണിവത്തൂരിലെ ആയിരം ശിവരാത്രികൾ എന്ന സിനിമയിലും മമ്മൂട്ടി കൗമാരക്കാരിയുടെ പിതാവായിരുന്നു. അവിടെയും സമാനമായ കോസ്റ്റ്യൂമിൽത്തന്നെയായിരുന്നു പ്രത്യക്ഷപ്പെട്ടത്. പിന്നീട് ഭരതൻ-ലോഹിതദാസ് കൂട്ടുകെട്ടിൽ വിരിഞ്ഞ പാഥേയത്തിലും മമ്മൂട്ടി തലയും മുടിയും നരച്ച അച്ഛൻവേഷമായിരുന്നു അവതരിപ്പിച്ചത്. ജോഷിയുടെ സംഘത്തിൽ മമ്മൂട്ടി പാർവതിയുടെ അച്ഛനായിരുന്നു. പിന്നീട് എത്രയോ സിനിമകളിൽ മമ്മൂട്ടിയുടെ ജോടിയായി അഭിനയിച്ചു പാർവതി!










തന്റെ മുഖസൗന്ദര്യവും ശരീരസൗന്ദര്യവും വികൃതമാക്കിക്കൊണ്ട് പല കഥാപാത്രങ്ങളെയും അവതരിപ്പിക്കാൻ തന്റെ യൗവനകാലത്തു മമ്മൂട്ടി സന്നദ്ധനായിരുന്നു. മൃഗയയും സൂര്യമാനസവും പൊന്തൻമാടയും പോലെ എത്രയോ സിനിമകൾ! ഇത്രയും സുന്ദരനായ മമ്മൂട്ടി വികൃതമായ രൂപഭാവാദികളോടെ അഭിനയിക്കുന്നതിൽ ആരാധിക എന്ന നിലയിൽ മാധവിക്കുട്ടി ഒരിക്കൽ രോഷം പ്രകടിപ്പിച്ചതും ഓർമിക്കുന്നു. കാതൽ എന്ന സിനിമയിലാണ് മമ്മൂട്ടി ഒരുപാടു നാളുകൾക്കു ശേഷം ഒരു അച്ഛൻവേഷം കെട്ടിയത്. സമീപകാലത്തിറങ്ങിയ പല മമ്മൂട്ടി സിനിമകളും നോക്കൂ-അദ്ദേഹം അതിലൊന്നും മേല്പറഞ്ഞവിധത്തിലുള്ള കഥാപാത്രങ്ങളൊന്നും ചെയ്തിട്ടില്ല. ചെയ്തിട്ടില്ലെന്നു മാത്രമല്ല, തന്റെ പ്രായം പിന്നിലാണെന്നു സ്വയം വിശ്വസിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഏറ്റവും സ്റ്റൈലിഷായും യുവാവായിട്ടുമാണ് അതിലൊക്കെ അദ്ദേഹം അവതരിപ്പിക്കപ്പെട്ടത്.

ബസൂക്ക, ഡൊമിനിക് ആന്റ് ദ ലേഡീസ് പേഴ്സ്, മാസ്റ്റർപീസ്, കണ്ണൂർ സ്ക്വാഡ് തുടങ്ങി റീവൈൻഡ് ചെയ്താൽ ഓടിപ്പോകുന്ന പല സിനിമകളും ഇതിനെ സാധൂകരിക്കുന്നവയാണ്. മാത്രവുമല്ല, ഇതിലൊന്നിലും അദ്ദേഹത്തിന് എടുത്തുപറയത്തക്ക ജോടികളുമില്ല. കുടുംബവും നായികയും മക്കളുമില്ലാത്ത വിധത്തിലായിരുന്നു ഈ കഥാപാത്രങ്ങളെല്ലാംതന്നെ. മകളും പേരക്കുട്ടിയുമാകാൻ പ്രായമുള്ള നായികമാരൊത്ത് അഭിനയിക്കുന്നു എന്ന പേരുദോഷം വരുത്താതിരിക്കാനുള്ള ബോധപൂർവമായ ശ്രമംകൂടിയായിട്ടുവേണം ഇത്തരത്തിലുള്ള കഥാപാത്രസ്വീകരണങ്ങളെ കാണേണ്ടത്. അതിനു മുമ്പുതന്നെ മമ്മൂട്ടി ചെയ്ത ഒരു സിനിമയുടെ പേര് 'ക്രോണിക് ബാച്ചിലർ' എന്നായിരുന്നുവല്ലോ?

മോഹൻലാലും തന്റെ യൗവനകാലത്ത് മുതിർന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. തല നരച്ചും പ്രായം ചെന്നുമൊക്കെയുള്ള എത്രയോ കഥാപാത്രങ്ങൾ! പവിത്രത്തിലെ ചേട്ടച്ഛനും സൂര്യഗായത്രിയിലെ മെഡിക്കൽ സ്റ്റുഡന്റിന്റെ അച്ഛനും അമൃതംഗമയയിലെ ഡോക്ടറും പാദമുദ്രയിലെ മാതുപണ്ടാരവുമെല്ലാംപോലെയുള്ള എത്രയോ കഥാപാത്രങ്ങൾ! എന്നാൽ, പിന്നീട് മോഹൻലാലും പ്രായത്തിനൊപ്പം ചേരാത്ത വേഷങ്ങൾ അണിയാൻ തയ്യാറായി. അതിന്റെ തുടർച്ചയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

ഓണത്തിനു റീലിസായ 'ഹൃദയപൂർവം' തന്നെ നോക്കൂ. നാല്പതുകളിലൂടെ കടന്നുപോകുന്ന അവിവാഹിതനായ സുന്ദരയുവാവ്. അതിനു മുമ്പു വന്ന 'തുടരും' എന്ന ചിത്രത്തിലും ജരാനരകളൊന്നും ബാധിക്കാത്ത ഷൺമുഖനെന്ന ടാക്സി ഡ്രൈവറായിട്ടായിരുന്നു അദ്ദേഹം അഭിനയിച്ചത്. അതും സ്കൂൾ വിദ്യാർഥിനിയുടെ അച്ഛനായിട്ട്. പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ജിത്തു ജോസഫിന്റെ 'ദൃശ്യം 3'യിലും ജോർജുകുട്ടിയെ നമുക്കു കാണാൻ കഴിയുന്നത് നര ബാധിച്ചിട്ടില്ലാത്ത മോഹൻലാലിനെയാണെന്നാണ് പുറത്തുവന്ന സൂചനകൾ. പെൺമക്കൾ വളർന്നിട്ടും പ്രായം ചെല്ലാത്ത ജോർജുകുട്ടി. അതായിരിക്കും ദൃശ്യം 3 യിലും കാണാൻ പോവുന്നത്.

പ്രായം ചെല്ലുംതോറും മനുഷ്യൻ കൂടുതൽ അരക്ഷിതരാവുകയും മറ്റുള്ളവരുടെ ശ്രദ്ധയിൽനിന്നു മങ്ങിപ്പോവുകയും ചെയ്യുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഒരു ആൾക്കൂട്ടത്തിൽ യൗവനയുക്തരും കൗമാരക്കാരുമായ ചെറുപ്പക്കാർക്കിടയിൽ എഴുപതോ എൺപതോ വയസ്സുള്ള ഒരു വ്യക്തിയെ ആരും ശ്രദ്ധിക്കുകയില്ല. എല്ലാവരുടെയും നോട്ടം ചെറുപ്പക്കാരിലായിരിക്കും. ഇതുപോലെയാണ് സിനിമയും. തങ്ങൾ അപ്രസക്തരായിക്കൊണ്ടിരിക്കുന്നുവെന്നു തിരിച്ചറിഞ്ഞിട്ടും അതിനെ നേരിടാനുള്ള ശ്രമങ്ങളാണ് പ്രായം മറച്ചുവച്ചുകൊണ്ടുള്ള താരരാജാക്കന്മാരുടെ അഭിനയങ്ങൾ. ഇതിന് സൂപ്പർതാരങ്ങളെന്ന നിലയിൽ അവരെ കുറ്റംപറയാനുമാവില്ല.

തന്റെ യൗവനത്തിൽ വൃദ്ധവേഷം കെട്ടിത്തുടങ്ങിയ നെടുമുടിവേണുവിന് പില്ക്കാലത്ത് കൂടുതലായും ലഭിച്ചത് വൃദ്ധവേഷങ്ങളായിരുന്നുവെന്നാണ് സിനിമയുടെ ചരിത്രം. 'അമ്പട ഞാനേ'യിൽ വൃദ്ധനായി മാറിയ വേണു 'എന്നെന്നും കണ്ണേട്ടന്റെ' പോലെയുള്ള എത്രയോ സിനിമകളിൽ പ്രായത്തെക്കാൾ കൂടുതൽ പ്രായമുള്ള കഥാപാത്രങ്ങളിൽ തളച്ചിടപ്പെട്ടു! മറ്റുള്ളവരുടെ അനുഭവത്തിൽനിന്നാണല്ലോ വിവരമുള്ളവർ പാഠം പഠിക്കുന്നത്. നെടുമുടി വേണുവിന്റെ ജീവിതത്തിലുണ്ടായ ഈ പാഠം തന്നെയായിരിക്കാം മമ്മൂട്ടിയെ 74-ാം വയസ്സിലും ചെറുപ്പക്കാരന്റെ വേഷം കെട്ടാൻ പ്രേരിപ്പിക്കുന്നത്. താൻ പഠിച്ച ഈ പാഠം പിൽക്കാലതലമുറയ്ക്കു പറഞ്ഞുകൊടുക്കാനും മമ്മൂട്ടി തയ്യാറാണ് എന്നു വെളിപ്പെടുത്തിയത് സുരാജ് വെഞ്ഞാറമ്മൂടാണ്. 'ആൻഡ്രോയിഡ് കുഞ്ഞപ്പ'നിൽ വൃദ്ധകഥാപാത്രത്തെ അവതരിപ്പിച്ചപ്പോൾ നെടുമുടിവേണുവിന്റെ ഉദാഹരണം പറഞ്ഞ് ടൈപ്പ് കഥാപാത്രങ്ങളിൽപ്പെട്ടുപോകാതെ സൂക്ഷിക്കണമെന്നുപദേശിച്ചത് മമ്മൂട്ടിയാണെന്നായിരുന്നു സുരാജിന്റെ വെളിപ്പെടുത്തൽ. അതുകൊണ്ടാവാം പിന്നീട് തന്റെ പ്രായത്തിൽക്കൂടുതലുള്ള ഒരു കഥാപാത്രത്തെയും അവതരിപ്പിക്കാൻ സുരാജ് തയ്യാറാകാത്തതും.

■

# ഭിന്നശേഷിയെച്ചൊല്ലിയുള്ള ഭിന്നത അവസാനിപ്പിക്കണം



നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ



ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്കു സ്കൂൾ അധ്യാപക, അനധ്യാപക തസ്തികകളിൽ മൂന്നുശതമാനം സംവരണമേർപ്പെടുത്തണമെന്നുള്ള രാഷ്ട്രീയ തീരുമാനവും അതിനു കോടതിയിൽനിന്നുള്ള അംഗീകാരവും ലഭിച്ചത് 1995 ലാണ്. എങ്കിലും, ഈ നയം നടപ്പിലാക്കാൻ കാലതാമസം വേണ്ടിവന്നു. 2016 മുതൽ നിയമനനടപടികൾ നടപ്പിലാക്കാൻ നിർദ്ദേശങ്ങളോടെ സർക്കാർ രംഗത്തുവന്നു. ആരംഭത്തിൽ എയ്ഡഡ് മാനേജുമെന്റുകളുടെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികണമായിരുന്നില്ല ഉണ്ടായത്. ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾ എന്ന നിലയിലായിരുന്നു ആ നിലപാട്. എന്നാൽ, കോടതി അത്യാവശ്യപ്പെട്ടപ്പോൾ സർക്കാരിനോടു സഹകരിക്കാൻ എയ്ഡഡ് മാനേജുമെന്റുകൾ പ്രത്യേകിച്ചു ക്രിസ്ത്യൻ എയ്ഡഡ് മാനേജുമെന്റുകൾ തയ്യാറായി.

2021 ആയപ്പോഴേക്കും സർക്കാർ തങ്ങളുടെ നിലപാട് കടുപ്പിച്ചു. ഭിന്നശേഷി നിയമനം പൂർത്തിയാക്കാതെ മറ്റു നിയമനങ്ങൾ അംഗീകരിക്കില്ലെന്നു ശാഠ്യം പിടിച്ചു. നിയമനം നടത്തുന്നത് മാനേജുമെന്റുകളാണെങ്കിലും അത് അംഗീകരിക്കുന്നത് സർക്കാരാകയാൽ എയ്ഡഡ് മാനേജ്മെന്റുകൾ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർഥികളുടെ ലിസ്റ്റ് സർക്കാരിനോട് ആവശ്യപ്പെട്ടു. സർക്കാരിന്റെ കൈവശം അത്തരമൊരു ഉദ്യോഗാർഥി പട്ടിക ഇല്ലായിരുന്നുവെന്നതാണ് വസ്തുത. അധ്യാപകർ സമരത്തിലേക്ക് എത്തിയപ്പോൾ മാത്രമാണ് പട്ടിക തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് വകുപ്പുമന്ത്രി നിർദ്ദേശം നൽകിയത്.

ഭിന്നശേഷി നിയമനം സാധ്യമാക്കുന്നതിനു രണ്ടു മാർഗങ്ങളാണുള്ളത്. യോഗ്യരായവരെ നിയമിക്കുക എന്നതുതന്നെയാണ് ആദ്യത്തേത്. ഉദ്യോഗാർഥികൾ ലഭ്യമല്ലെങ്കിൽ തസ്തിക നിശ്ചയിച്ച് ആ സീറ്റുകൾ ഒഴിച്ചിട്ട് മറ്റു തസ്തികകളിൽ നിയമനാനുമതി നൽകുക എന്നതാണു രണ്ടാമത്തെ മാർഗം. ക്രൈസ്തവ എയ്ഡഡ് മാനേജുമെന്റുകൾ ഈ രണ്ടു സാധ്യതകൾക്കും സമ്മതം അറിയിച്ചതാണ്. എന്നിട്ടും, സർക്കാർ മുടന്തൻ ന്യായങ്ങളും ഒഴിവുകഴിവുകളും പറഞ്ഞ് നിയമനനിരോധനമേർപ്പെടുത്തി.

വാതിലുകൾ മുട്ടി മടുത്ത അധ്യാപകർ ജനപ്രതിനിധികളെ സമീപിച്ചു. കടുത്തുരുത്തി എം.എൽ.എ. വിഷയം ഗൗരവത്തോടെ നിയമസഭയിൽ അവതരിപ്പിച്ചു. സ്പീക്കർ അതിനിടയിൽ അപക്വമായി പ്രതികരിച്ചത് വാഗ്വാദങ്ങൾക്ക് ഇടയാക്കി. എയ്ഡഡ് മാനേജുമെന്റുകളെക്കുറിച്ചു പ്രതിപാദിച്ചപ്പോൾ ക്രൈസ്തവമാനേജുമെന്റുകളെക്കുറിച്ചും മെത്രാന്മാരും വൈദികരും മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും ഈ വിഷയത്തിൽ കണ്ടു സംസാരിച്ചതിനെക്കുറിച്ച് എം.എൽ.എ. പറഞ്ഞു. മെത്രാന്മാരെയും സഭയെയും നിയമസഭാ ചർച്ചകളിൽ കൊണ്ടുവരാൻ പാടില്ലെന്ന സ്പീക്കറുടെ നിലപാട് ആർക്കുവേണ്ടിയാണ് എന്നു വിശ്വാസസമൂഹം സ്വാഭാവികമായും പരിശോധിക്കും. നിഷ്പക്ഷമതികളും പക്വതയുള്ളവരും അനുഭവസമ്പത്ത് ആർജിച്ചവരുമായിരിക്കണം സഭാ നടപടികൾ നിയന്ത്രിക്കുന്ന സ്പീക്കർ എന്ന പരമ്പരാഗതധാരണയുടെ അർഥവും യുക്തിയും സാമാന്യബുദ്ധിയുള്ളവർ ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല. വിദ്യാഭ്യാസമന്ത്രി ഇത് ഏറ്റുപിടിക്കുകയും ക്രൈസ്തവമാനേജുമെന്റുകളോടു മനസ്സിൽ സൂക്ഷിച്ചിരുന്ന കലിപ്പ് തീർക്കുകയും ചെയ്തു. വിമോചനസമരത്തിന്റെ ഓർമകളുണർത്തി സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള ശ്രമമാണു നടക്കുന്നതെന്ന ധ്വനി ജനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. വെളുക്കാൻ തേച്ചതു പാണ്ടായെന്ന് മന്ത്രിക്കും മന്ത്രിസഭയ്ക്കും പിന്നീട് മനസ്സിലായെന്നു തോന്നുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാഴ്ചക്കുള്ളിൽ ഭിന്നശേഷി ഒഴിവുകളും അതിനു യോഗ്യരായ ഉദ്യോഗാർഥികൾ ആരെന്നും കണ്ടെത്തി റിപ്പോർട്ടു ചെയ്യാൻ തീരുമാനമായത്.

എൻ.എസ്.എസ്. മാനേജ്മെന്റ് സുപ്രീംകോടതിയിൽനിന്നു തങ്ങൾക്കനുകൂലമായ വിധി ഈ വിഷയത്തിൽ നേടിയപ്പോൾ അതു തങ്ങൾക്കും ബാധകമാകുമെന്ന് മറ്റ് എയ്ഡഡ് മാനേജുമെന്റുകളും കരുതിയെങ്കിലും ഓരോരുത്തരും കോടതിയിൽ പോയി വിധി സമ്പാദിക്കണമെന്നായിരുന്നു വകുപ്പുമന്ത്രിയുടെ നിലപാട്. എല്ലാറ്റിനും കോടതിയിൽ പോകണമെങ്കിൽ പിന്നെ എന്തിനാണ് മന്ത്രിസഭ. കോടതി അവസാനത്തെ മാർഗം മാത്രമാണ്. സർക്കാർ കോടതി കയറ്റുന്നത് ജനത്തെ ശിക്ഷിക്കുന്നതിനു തുല്യമാണ്.

ഭിന്നശേഷിക്കാരെ അറിയാത്തവരോ സംരക്ഷിക്കാത്തവരോ ആണ് ക്രൈസ്തവമാനേജുമെന്റെന്ന് ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല. ക്രൈസ്തവസഭകളുടെ നൂറുകണക്കിനു സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ പൊന്നുപോലെ നോക്കി പരിചരിക്കുന്നുണ്ട്. അതേ പരിഗണന ഭിന്നശേഷിക്കാരായ അധ്യാപർക്കുമുണ്ടാകും. ഭിന്നശേഷിക്കാർക്കു സംരക്ഷണം നൽകാൻ അത്യാവേശം കാണിക്കുന്ന സർക്കാർ നാലുവർഷത്തിലധികമായി നീതി നിഷേധിക്കപ്പെട്ട അവസ്ഥയിൽ ജോലി ചെയ്യുന്ന നിയമനാംഗീകാരം ലഭിക്കാത്ത പാവപ്പെട്ട അധ്യാപകരെ അവഗണിക്കുന്നത് എന്തുകൊണ്ടാണ്. അധ്യാപകർക്കെതിരെ സർക്കാർ ഭാഗത്തുനിന്നു നീതി നിഷേധം നടന്നിട്ടും ലെവി പിരിക്കുന്ന അധ്യാപകസംഘടനകളൊന്നും രംഗത്തു വരാത്തത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. "വൈകിപ്പോയെങ്കിലും തിരഞ്ഞെടുപ്പു വിജ്ഞാപനം പുറത്തുവരുന്നതിനുമുമ്പ് വിഷയം പരിഹരിക്കണം. ■

# ഒരാൾക്ക് എത്ര തവണ മരിക്കാം?

■ എസ്.ബി. പണിക്കർ

നമ്മുടെ മാതൃഭാഷയായ മലയാളം ഇപ്പോൾ ശ്രേഷ്ഠഭാഷയാണ്. അതിന്റെ മഹത്വവും ഗരിമയും കാത്തുസൂക്ഷിക്കേണ്ടതു നമ്മുടെ കടമയാണ്. പ്രഭാഷണത്തിലും ദൈനംദിനജീവിതത്തിലും കൂടുതൽ ശ്രദ്ധിക്കാൻ നമുക്കു ബാധ്യതയുണ്ട്.

ദൈനംദിന വ്യവഹാരങ്ങളിൽ നാം ഉപയോഗിക്കുന്ന നാലഞ്ചു ഭാഷാ പ്രയോഗങ്ങളെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

25-ാം ചരമവാർഷികം: ഇരുപത്തഞ്ചാമത്തെ എന്നു പറയാറുണ്ട്. ചരമവാർഷിക എന്ന സമസ്തപദം വിഗ്രഹിക്കുമ്പോൾ ചരമത്തിന്റെ വാർഷികം എന്നു വരും. അപ്പോൾ ഇരുപത്തഞ്ചാമത്തെ ചരമത്തിന്റെ വാർഷികം എന്ന് അർഥം വരുന്നു. ശരിയായി പ്രയോഗിക്കേണ്ടത് ചരമത്തിന്റെ ഇരുപത്താം വാർഷികം എന്നാണ്.

ഇതുപോലെയാണ് 30-ാം വിവാഹവാർഷികവും. 29 വിവാഹവും പരിഗണിച്ചിട്ടില്ല. മുപ്പതാമത്തെ വിവാഹത്തിനാണ് പരിഗണന; വിവാഹത്തിന്റെ മുപ്പതാം വാർഷികം എന്നുവേണം. എന്നാൽ, ഇംഗ്ലീഷിന്റെ രീതിയനുസരിച്ച് തേർട്ടിയത് വെഡിങ് ആനിവേഴ്സറി എന്നു പ്രയോഗിക്കാം.

ദാസദാസ ന്യായപ്രീത്യാ ഭാഗ്യവിശേഷണം എന്ന് എൻ.ആർ. എഴുതി വച്ചിട്ടുണ്ട്. സംസ്കൃതത്തിനും ഇംഗ്ലീഷിനും ഈ നിയമം ബാധകമല്ല. 25-ാം ചരമവാർഷികവും 30-ാം വിവാഹവാർഷികവും മറ്റും ശിശുഭാഷ, ഗ്രാമ്യഭാഷ എന്നൊക്കെ പറയുന്നതുപോലെ മാധ്യമഭാഷ എന്നു സമാധാനിക്കാം.

ഗൗരവതരം: ഇങ്ങനെയൊരു പ്രയോഗം നമ്മുടെ ഭാഷയിൽ ഇല്ല. ഇപ്പോൾ പല മാധ്യമങ്ങളും പ്രഭാഷകരും ഇപ്രകാരം പ്രയോഗിച്ചു കാണുന്നു. ഗുരുവിന്റെ ഭാവമാണു ഗൗരവം. ഗുരു - ഗുരുതരം- ഗുരുതമം; ലഘു - ലഘുതരം - ലഘുതമം; ശീഘ്രം - ശീഘ്രതരം - ശീഘ്രതമം എന്നിങ്ങനെ പ്രയോഗം വരുന്നു. ഇംഗ്ലീഷിൽ ഡിഗ്രീസ് ഓഫ് കംപാരിസൻ എന്നു പറയും. ഉദാ. ലോങ് - ലോങർ - ലോങസ്റ്റ്; ഫാസ്റ്റ്- ഫാസ്റ്റർ- ഫാസ്റ്റസ്റ്റ്...

ഹാർദവം : ഹൃദ്യം എന്നു ശരിയായ രൂപം. ഹാർദവം തെറ്റായ രൂപം എന്ന് ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയിൽ എടുത്തു പറയുന്നു. യോഗങ്ങളിൽ അതിഥികളെ സ്വാഗതം ചെയ്യുമ്പോൾ പലരും ഉപയോഗിക്കുന്ന ഒരു പദമാണിത്. ഹൃദ്യമായി സ്വാഗതം ചെയ്യുന്നു എന്നതു ശുദ്ധമായ രൂപം.

യോഗങ്ങളിൽ ഇപ്പോൾ മിക്കപ്പോഴും കേൾക്കാറുള്ള ഒന്നാണ് വ്യക്തിത്വങ്ങൾ. മാന്യവ്യക്തി എന്ന് അടുത്തനാൾ വരെ പ്രയോഗിച്ചുകൊണ്ടിരുന്നു.

സാധു-സാധുത്വം; മൃദു-മൃദുത്വം; ആഢ്യൻ - ആഢ്യത്വം; കാട് - കാടത്തം; ആൺ-ആണത്തം; ഭോഷൻ - ഭോഷത്തം എന്നിവയെല്ലാം നാമങ്ങളിൽ നിന്നു രൂപം കൊണ്ട മറ്റു നാമങ്ങളാണ്. പൊതുവെ സംസ്കൃതപദമാണെങ്കിൽ ത്വം പ്രയോഗിക്കും; മലയാളപദമാണെങ്കിൽ ത്തം പ്രയോഗിക്കും.

എനിക്ക് ഏറെ സ്നേഹമുണ്ട്; വളരെ സ്നേഹമുണ്ട്, വളരെ വാത്സല്യം തോന്നി എന്നിങ്ങനെയെല്ലാം നാം പ്രയോഗിച്ചുകൊണ്ടിരുന്നു. തത്സ്ഥാനത്ത് ഭൂരിപക്ഷവും ഇപ്പോൾ പ്രയോഗിക്കുന്നത് ഭയങ്കര സ്നേഹമാണ്. ഭയങ്കര ഭംഗിയാണ് എന്നൊക്കെയാണ്. ഭയം ഉണ്ടാക്കുന്നതാണ് ഭയങ്കരം.

നമുക്കിഷ്ടമുള്ളപോലെ ഭാഷയെ വക്രീകരിച്ചാൽ ശുദ്ധമായ ഭാഷ ഉണ്ടാകില്ല. അങ്ങനെ പ്രയോഗിക്കാൻ നമുക്ക് അവകാശവുമില്ല. പ്രയോഗസാധുത്വം എന്നൊരവകാശം ചിലർ പറയാറുണ്ട്. അതും സാധാരണക്കാർക്കു ബാധകമല്ല. പൂച്ച എന്ന അർഥത്തിൽ കുഞ്ചൻനമ്പ്യാർ പൂശകൻ എന്നു തുള്ളലിൽ പ്രയോഗിച്ചിട്ടുണ്ട്. എലിയുടെയും പൂച്ചയുടെയും കഥ പറയുന്ന സന്ദർഭത്തിലാണിത്. അന്നുവരെ പൂച്ചയുടെ പര്യായമായി പൂശകൻ അംഗീകരിക്കപ്പെട്ടിരുന്നില്ല.

ഹാസ്യത്തിനുവേണ്ടി സാഹിത്യകാരന്മാർ ചില പ്രയോഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അന്നൊത്ത പോക്കീ..., കുയിലൊത്തു പാട്ടീ..., ചേലൊത്ത വാക്കീ..., തിലപുഷ്പമൂക്കീ... എന്നെല്ലാം. നമ്മുടെ ഹാസ്യസാമ്രാട്ടായ തോലൻ പ്രയോഗിച്ചത് ഉദാഹരണം. അദ്ദേഹത്തിന്റെ തന്നെ പ്രയോഗമാണ് പനസി ദശയാം പാശി (ചക്കി പത്തായത്തിൽ കയറി) എന്ന പ്രയോഗവും.

സഞ്ജയൻ എന്ന ഒരു കോളജ് കുമാരൻ എഴുതിയതായി പറയപ്പെടുന്ന പ്രേമലേഖനത്തിൽ ഇങ്ങനെ കണ്ടത്രേ. മൈഡിയൽ മൂങ്ങേ ഞാൻ നിന്നെ അൺസഹിക്കബിളായി ലവ്വിച്ചു...

ശ്രേഷ്ഠമായ നമ്മുടെ മാതൃഭാഷ ശ്രേഷ്ഠമാണെന്നു മറ്റുള്ളവർക്കു തോന്നത്തക്കവിധം നിലനിലനിർത്താൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

■

# ടിജെഎസ് ജോർജിനൊപ്പം സ്മരണയിലേക്ക് ഒരുയുഗവും

## ടിജെഎസ് ജോർജ് യാത്രയായി



■ മരിയൻ ജോർജ്

ശതാബ്ദിയോടടുത്ത ഉന്നതശീർഷനായ ഒരു പത്രപ്രവർത്തകന്റെ വിടവാങ്ങൽ മാത്രമല്ല, അത്. അവസാനിച്ചത് ഒരു കുലം. ഒരു യുഗവും.

സ്വാതന്ത്ര്യസമരത്തിന്റെ സ്ഫുലിംഗങ്ങളും തീവ്രസ്പന്ദനങ്ങളും ഏറ്റെടുത്ത കേരളീയരായ ദേശീയ ഇംഗ്ലീഷ് പത്രപ്രവർത്തകരുടെ നിരയാകെ അതീതകാലത്തിലേക്കു മറഞ്ഞതിന്റെ അവസാനദൃശ്യം. ആ നിരയിലെ ഇളപ്പക്കാരനായിരുന്നു ടിജെഎസ് ജോർജ്. ഇന്ത്യ സ്വതന്ത്രയാകുമ്പോൾ പത്തൊമ്പതു വയസ്സുകാരൻ.

സ്വാതന്ത്ര്യപ്പോരിനുള്ള പത്രപ്രവർത്തനത്തിൽ പങ്കാളിയായില്ലെങ്കിലും പരതന്ത്ര ഇന്ത്യയിൽനിന്ന് സ്വതന്ത്രേന്ത്യയിലേക്കുള്ള സംക്രമണം അദ്ദേഹം നേരിട്ടുകണ്ടു. ആ അനുഭവജ്ഞാനത്തോടെയാണ് പിന്നീടുള്ള വർഷങ്ങളിൽ സ്വതന്ത്രേന്ത്യയുടെ വികാസത്തിനുള്ള തടസ്സങ്ങളെ പ്രത്യേകിച്ച്, രാഷ്ട്രീയ ദുഷിപ്പിന്റെയും അരാജകത്വത്തിന്റെയും കാഴ്ചകളെ അദ്ദേഹം എതിർത്തത്.


പോത്തൻ ജോസഫും പിൻമുറക്കാരായ ബി.ജി.വർഗീസും പോത്തൻ ജോസഫ് വളർത്തിയ കാർട്ടൂണിസ്റ്റ് ശങ്കർ, കാർട്ടൂണിസ്റ്റ് അബു (മാത്യു ഏബ്രഹാം) എന്നിവരും നേരത്തേ വിടവാങ്ങിയെങ്കിലും ആ ഗണത്തിലെ അവസാനപ്രതിനിധിയായി ടിജെഎസ് അവശേഷിച്ചു.

മൂല്യബോധവും ഉത്തരവാദ നിർഭയത്വവും അനുഭവസമ്പത്തും രാഷ്ട്രീയദർശനവും മേളിച്ചിരുന്ന അന്നത്തെ മുൻനിര ദേശീയ പത്രപ്രവർത്തക ശ്രേണി ഇനിയില്ല.

1928ൽ തുമ്പമണിൽ ജനിച്ച ടിജെഎസ് എന്ന, മാധ്യമലോകത്തെ ഘനവ്യക്തിത്വത്തിന് മരിക്കുമ്പോൾ പ്രായം 97 വയസ്. തൊണ്ണൂറുകളിലും വീര്യം കെടാത്ത പ്രതിഭയായിത്തന്നെ അദ്ദേഹം ജീവിച്ചു.

ജേക്കബ് സോണി ജോർജ് എന്നു കേട്ടാൽ ചെറുപ്പംതോന്നും. തയ്യിൽ ജേക്കബ് സോണി ജോർജ് എന്നതിനെ ടിജെഎസ് ജോർജ് എന്നു മാറ്റിയെഴുതിയാൽ കിട്ടുന്നതാണ് അടിയറവയ്ക്കാത്ത സ്വതന്ത്രചിന്തയും ആഴമുള്ള ഉൾക്കാഴ്ചയുംകൊണ്ട് ദേശീയ പത്രപ്രവർത്തനത്തെ സാർഥകർമമാക്കിയ കുലതാരകത്തിന്റെ ചിത്രം.

പത്രാധിപർ, ഗ്രന്ഥകാരൻ, മാതൃഭാഷയിലും ഇംഗ്ലീഷിലും പ്രവീണൻ എന്നിങ്ങനെ ബഹുലകുശലതകളുടെ ഉടമയായിരുന്നു ടിജെഎസ് ജോർജ്. 'വേഡ്സ്മിത്ത്' എന്നു ചിലരെങ്കിലും അദ്ദേഹത്തെ വിശേഷിപ്പിച്ചത്



ഭാഷാസംവേദനത്തിലെ നൈപുണ്യം കൊണ്ടാണ്.

മജിസ്ട്രേറ്റ് ആയിരുന്ന ടി.ടി. ജേക്കബിന്റെയും ചാച്ചിയമ്മയുടെയും മകൻ. നാട്ടിലെ പഠനത്തിനുശേഷം മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഓണേഴ്സ് ബിരുദം നേടി. 1950ൽ ബോംബെയിലെ ഫ്രീപ്രസ് ജേർണലിൽ പത്രപ്രവർത്തനത്തിനു തുടക്കം. പിന്നീട് 'ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട്', 'ദി സേർച്ച് ലൈറ്റ്', 'ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ' എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. ഹോങ്കോങ്ങിൽനിന്നുള്ള 'ഏഷ്യാവീക്കി'ന്റെ സ്ഥാപക പത്രാധിപരായി.

'ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്' പത്രത്തിന്റെ നവീകരണത്തിനു പിന്നിലെ എഡിറ്റോറിയൽ ഉപദേഷ്ടാവ് ടിജെഎസ് ആയിരുന്നു.

രാഷ്ട്രീയസുസ്ഥിരത, അഴിമതിരാഹിത്യം, സാമൂഹികനീതി എന്നിവയ്ക്കുവേണ്ടിയുള്ള പ്രതിബദ്ധതയാണ് ഇന്ത്യൻ എക്സ്പ്രസിലെ സ്ഥിരം പക്തിയിലൂടെ ടിജെഎസ് ഇന്ത്യൻസമൂഹത്തിനു പകർന്നത്. വീക്ഷണത്തിലെ സ്വതന്ത്രത, നിലപാടിലെ നിർഭയത്വം, പറയുന്നതിലെ കൃത്യത, പറയാനുള്ള ധീരത ഇവയെല്ലാം ടിജെഎസിന്റെ റിപ്പോർട്ടുകൾക്കു 'സീസ്മിക്' പ്രഭാവം പകർന്നിരുന്നു.

അതിന്റെ ഉദാഹരണമാണു ബിഹാർ മുഖ്യമന്ത്രിയായിരുന്ന കൃഷ്ണ വല്ലഭ സഹായിയെ എതിർത്തതിന് 1965ൽ ലഭിച്ച ജയിൽവാസം. അഭിപ്രായസ്വാതന്ത്ര്യം ഉപയോഗിച്ചതിനു തടവിലാക്കപ്പെട്ട ആദ്യ ഇന്ത്യൻപത്രാധിപരും അദ്ദേഹമായിരുന്നു.

സിംഗപ്പൂർ പ്രധാനമന്ത്രിയായിരുന്ന ലീ ക്വാൻ യു, വി.കെ. കൃഷ്ണമേനോൻ, നർഗീസ്, എം.എസ്. സുബ്ബലക്ഷ്മി, പോത്തൻ ജോസഫ് തുടങ്ങിയ പ്രശസ്തരുടെ ജീവചരിത്രവും, ജയിൽവാസമടക്കം സ്വന്തം പ്രൊഫഷണൽ ജീവിതം ആധാരമാക്കിയ 'ഘോഷയാത്ര' എന്ന ആത്മകഥയും 'ഒറ്റയാൻ' എന്ന ലേഖന സമാഹാരവും ടിജെഎസിന്റെ ശ്രദ്ധേയമായ രചനകളാണ്. എങ്കിലും ടിജെഎസ് എന്ന മുദ്ര പത്രപ്രവർത്തകന്റേതുതന്നെ. പത്രപ്രവർത്തകർക്കുള്ള പരിശീലകഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

അച്ചടിക്കപ്പുറം ചാനൽ മാധ്യമപ്രവർത്തനവും പിന്നീട് സമൂഹമാധ്യമങ്ങളുടെ 'അൺഗൈഡഡ് ആഖ്യാനങ്ങളും' കാണേണ്ടിവന്ന പുതിയ കാലത്തെ വെല്ലുവിളികൾക്കു നടുവിലും ടിജെഎസിന്റെ കുറിപ്പുകൾ, സാങ്കേതികവിദ്യയെക്കാൾ പ്രധാനം കാമ്പും കരുത്തും മൂല്യബോധവും പേറുന്ന പ്രമേയങ്ങളാണെന്നു തെളിയിച്ചു.

മലയാളത്തിൽ എഴുതാനും ഈ നൂറ്റാണ്ടിലും പ്രവർത്തനനിരതനാകാനും ശ്രദ്ധിച്ചതാണ് ടിജെഎസിനെ ഇവിടത്തെ പുതിയ തലമുറയ്ക്കു കൂടി പരിചിതനും സ്വീകാര്യനും ആക്കിയത്. അതുവഴി സ്വാതന്ത്ര്യപ്പോരാളികളുടെ തലമുറയുമായി അവരെ ബന്ധപ്പെടുത്തുകയും ചെയ്തു.

1892ൽ ജനിച്ച പദ്മഭൂഷൺ പോത്തൻ ജോസഫ് 1972ൽ മരിച്ചു. ടിജെഎസിനെക്കാൾ കഷ്ടിച്ച് ഒരു വയസ്സ് മാത്രം കൂടുതലുണ്ടായിരുന്ന ബി.ജി.വർഗീസ് 1975ൽ റമോൺ മഗ്സെസെ അവാർഡ് നേടി, 2014ൽ യാത്രയായി. ഇപ്പോൾ ഒരു യുഗത്തെ കാഴ്ചയിൽനിന്നു മായിച്ചുകൊണ്ട് പദ്മഭൂഷൺ ടിജെഎസിന്റെയും വിടവാങ്ങൽ.

സ്വാതന്ത്ര്യസമരവും അതിന്റെ ഫലാപ്തിയും ദർശിച്ച പത്രപ്രവർത്തകതലമുറയിലെ അവസാനദർശകൻ മൺമറയുമ്പോൾ അവശേഷിക്കുന്നത് സ്വതന്ത്രേന്ത്യയുടെ പിറവി അറിയാൻ ഓർമകൾക്കു പകരം ചരിത്രപാഠം മാത്രം കൈയിലുള്ള തലമുറകൾ.

സംഭവബഹുലമായ കാലത്തിന്റെ സാക്ഷികൾ ഇനിയില്ല. ആ സംഭവസാധ്യതകളും. ഇനിയുള്ളവർക്കു പഠിക്കാൻ തന്റെ മുൻഗാമികളെപ്പോലെ ടിജെഎസ് ജോർജും മാതൃക അവശേഷിപ്പിച്ചിട്ടുണ്ട്. പ്രചോദകവും സമ്പുഷ്ടവുമായ പ്രഫഷണൽസ്മരണകൾ.

■

---



6-ാം പേജ് തുടർച്ച

"കൊലപാതകത്തിൽ തനിക്കു പങ്കില്ലെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനാകാം. അവനവളെ കൊന്നത് ശത്രുത കൊണ്ടല്ലല്ലോ. തനിക്കു സ്വന്തമാക്കാൻ കഴിയാത്തതുകൊണ്ടല്ലേ."

"മരിച്ചുകഴിഞ്ഞപ്പോൾ അവനവളോടുള്ള സ്നേഹം പതിന്മടങ്ങ് വർധിച്ചിരിക്കാം." രാജീവൻ പറഞ്ഞു.

"ഓരോ മനുഷ്യന്റെയും മാനസികഭാവം മറ്റൊരാൾക്കു മനസ്സിലാക്കാനാവില്ല. ആത്മഹത്യ ചെയ്യുന്നയാളും കൊലപാതകം നടത്തുന്നയാളും തമ്മിൽ വലിയ സാദൃശ്യങ്ങളുണ്ട്."

"ജീനാ തനിയെ കൈത്തണ്ട മുറിച്ചതാണെങ്കിൽ അതിനുപയോഗിച്ച ആയുധം അവിടെ കാണേണ്ടതാണ്. പക്ഷേ, നമുക്കു കിട്ടിയിട്ടില്ല. ഫോണും കിട്ടിയിട്ടില്ല. തെളിവുകളെല്ലാം ആരോ നശിപ്പിച്ചതുപോലെ തോന്നുന്നു. രാജീവൻ, നമുക്കു പണി കൂടുകാ." സി.ഐ. പറഞ്ഞു.

"ജോലിക്കാരി വിജയമ്മയ്ക്ക് ഇതിലെന്തെങ്കിലും പങ്കുണ്ടാകുമോ? അവരാണല്ലോ സംഭവം നടന്നതിനുശേഷം ആദ്യമവിടെയെത്തിയത്?" രാജീവൻ സൂചിപ്പിച്ചു.

"വിജയമ്മയ്ക്കുമുമ്പ് മറ്റാരെങ്കിലും വരികയും തെളിവുനശിപ്പിക്കുകയും ചെയ്യാൻ സാധ്യതയില്ലേ?"

"അതും തള്ളിക്കളയാനാവില്ല."

"എന്തായാലും പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടട്ടെ. അതിൽക്കൂടി മാത്രമേ ചില കാര്യങ്ങൾ വ്യക്തമാകുകയുള്ളൂ. നാളെ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പൊലീസ്സ്റ്റേഷൻ മാർച്ച് പ്രഖ്യാപിച്ചിരിക്കുകയാ. റോണിയെയും അപ്പനെയും അറസ്റ്റു ചെയ്യണമെന്നാണാവശ്യപ്പെടുന്നത്. മരിച്ചത് ചെറുപ്പക്കാരിയും സുന്ദരിയുമായ ഒരു പെണ്ണല്ലേ? ജനമെളകും. മാധ്യമങ്ങള് നമ്മളെ പൊരിക്കും."

വീടിന്റെ ചുറ്റും നടത്തിയ തെരച്ചിലിൽ പോലീസ് ഉദ്യോഗസ്ഥർക്കു നിരാശപ്പെടേണ്ടിവന്നു. രണ്ടുപേരും കിണറിനടുത്തേക്കു ചെന്നു. അവർ കിണറിന്റെ വക്കിലെത്തി ഉള്ളിലേക്കെത്തിനോക്കി. കാർഡ്ബോർഡ്പോലെ എന്തോ വസ്തു കടിച്ചുപിടിച്ചുകൊണ്ട് വടത്തിൽ പിടിച്ച് കില്ലാഡി കരുണൻ കയറിവരികയാണ്. കരുണന്റെ ഓരോ നീക്കങ്ങളും ചടുലമായിരുന്നു. പുറത്തുവന്ന അയാൾ കണ്ടുകിട്ടിയ അപൂർവവസ്തു സി.ഐ. മോഹൻതോമസിന്റെ കൈയിൽ കൊടുത്തു.

അതൊരു ചിത്രമായിരുന്നു. കൈകൊണ്ടു വരച്ച അതിമനോഹരമായ ജീനായുടെ വർണചിത്രം. അതിൽ ഒടിവുകളും ചുളിവുകളുമുണ്ട്. ലാമിനേറ്റ് ചെയ്തതായതിനാൽ അതു വെള്ളത്തിൽ കിടന്നിട്ടും നശിച്ചിട്ടില്ല.

"രാജീവാ, ഇതെങ്ങനെ കിണറ്റിൽ വന്നു." ആരുടെ സമ്മാനമായിരിക്കുമിത്?" ചിത്രത്തിലേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ട് സി.ഐ. മോഹൻ തോമസ് ചോദിച്ചു.

ചിത്രത്തിന്റെ വലത്തുകോണിൽ ചെറുതായി എഴുതിയിരിക്കുന്ന അക്ഷരത്തിലേക്ക് കോൺസ്റ്റബിൾ രാജീവൻ വിരൽ ചൂണ്ടി.

ശ്രീജിത്ത്!

"ശ്രീജിത്ത് കെട്ടിടങ്ങളുടെ പ്ലാൻ വരയ്ക്കുന്നയാളല്ലേ? അയാൾ ഇതുപോലെ ചിത്രങ്ങളും വരയ്ക്കുമോ?" സി.ഐ. വിസ്മയത്തോടെ ചോദിച്ചു.

"അവൻ വരച്ചതാകാം. വരപ്പിച്ചതുമാകാം." രാജീവൻ പറഞ്ഞു.

"എന്തായാലും ഇതൊരു പ്രധാന തൊണ്ടിമുതലാണ്." മോഹൻ തോമസിന്റെ മുഖം പ്രകാശിച്ചു.

(തുടരും)

# ഭീകരവാദികൾ ഒഴുക്കുന്ന രക്തപ്പുഴകൾക്ക് നിറവ്യത്യാസമുണ്ടോ?

*1-ാം പേജ് തുടർച്ച*

ഭീകരവാദത്തെ നിക്ഷ്പക്ഷമായും സമതുലിതമായും നേരിടാനുള്ള ആർജവമാണ് വേണ്ടത്. ചിലതു കേൾക്കുമ്പോൾ മാത്രം തിളയ്ക്കുകയും മറ്റു ചിലതു കേൾക്കുമ്പോൾ തണുത്തുറയുകയും ചെയ്യുന്ന മതഭീകരാന്ധത സംശയാസ്പദമാണ്. പലസ്തീനികളുടെ മാത്രമല്ല, ഏതു രാജ്യത്തുള്ളവരുടെയും ജീവനും വിലയുണ്ടെന്നുള്ളത് ബോധപൂർവം തമസ്കരിക്കുന്നവരെ ചോദ്യം ചെയ്യാൻ സാക്ഷരസമൂഹം മടിക്കുന്നതെന്ത്?

**ഭീകരാക്രമണത്തിന്റെ ഇരകൾ**

നൈജീരിയയിൽ മുസ്ലീം ഭീകരർ കൊന്നൊടുക്കിയ ക്രൈസ്തവരുടെ രക്തത്തിന്റെ നിറവും ചുവപ്പുതന്നെയാണ്. നൈജീരിയയിലെ ബെന്യു സംസ്ഥാനത്തുമാത്രം ഒറ്റദിവസം മുസ്ലീം ഭീകരസംഘം കൊലചെയ്തത് 200 ൽ പരം ക്രൈസ്തവരെയാണ്. ഒരു വർഷത്തിനിടയിൽ ഇവിടെ മൃഗീയമായി കൊലചെയ്യപ്പെട്ടവർ പതിനായിരങ്ങൾ. ക്രൈസ്തവവിശ്വാസികളാണ് എന്ന ഒറ്റക്കാരണത്താൽ മുസ്ലീം ഭീകരസംഘങ്ങളുടെ കിരാതമായ കൂട്ടക്കൊലകൾക്ക് ഇരകളാകുന്നവരെ സ്മരിക്കാനും അവർക്കായി ഐക്യദാർഢ്യം പ്രഖ്യാപിക്കാനും ബോധപൂർവം മറക്കുന്നവരുടെ പലസ്തീനിയൻ ഐക്യദാർഢ്യത്തിനു പിന്നിൽ വൻ ആസൂത്രിത ലക്ഷ്യങ്ങളുണ്ട്.



ആഫ്രിക്കൻരാജ്യമായ ബുർക്കിന ഫാസോയിൽ അൽ ക്വയിദയെന്ന മുസ്ലീം ഭീകരസംഘടന ദിവസംതോറും ക്രൈസ്തവരെ കൊന്നൊടുക്കുന്നു. കോംഗോയിൽ ഇസ്ലാമികസ്റ്റേറ്റിന്റെ ഘടകമായ ഭീകരവാദപ്രസ്ഥാനം കുട്ടികളും സ്ത്രീകളുമുൾപ്പെടെയുള്ള ക്രൈസ്തവരെ തിരഞ്ഞുപിടിച്ചു കൊല്ലുന്നു, അതിക്രൂരമായി ആവർത്തിച്ചു പീഡിപ്പിക്കുന്നു. സൊമാലിയയിൽ അൽ ഷബാബ് എന്ന ഭീകരസംഘടനയുടെ നിഷ്ഠുര ആക്രമണത്തിൽ ഒറ്റദിവസം ജീവൻ നഷ്ടപ്പെട്ടത് 100 ൽപരം മനുഷ്യർക്കാണ്. ഭീകരസംഘങ്ങൾ തട്ടിക്കൊണ്ടുപോയ സ്ത്രീകളുടെയും കുട്ടികളുടെയും കണക്കുകൾ വേറെയുമുണ്ട്. ഈ രാജ്യങ്ങളിലൊക്കെ പതിനായിരക്കണക്കിനു മനുഷ്യർ മുസ്ലീം ഭീകരവാദികളാൽ ദാരുണമായി കൂട്ടക്കൊല ചെയ്യപ്പെടുന്നു. ജനലക്ഷങ്ങൾ ജീവനും ജീവിതവും നിലനിർത്താനായി പലായനം ചെയ്യുന്നു. അതിലേറെപ്പേർ മരണം മുന്നിൽകണ്ടു ജീവിക്കേണ്ട നിസ്സഹായാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. പലസ്തീനോടുള്ള അനുഭാവം എന്തുകൊണ്ട് ഈ പാവങ്ങളോട് ഇവിടെ പലർക്കും ഉണ്ടാകുന്നില്ല?

2025 ജൂണിൽ സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ ആരാധനമധ്യേ ഇസ്ലാമിക സ്റ്റേറ്റ് ഭീകരർ നടത്തിയ നരനായാട്ടിൽ മരിച്ചുവീണവരെ നാം മറന്നുവോ? നമ്മുടെ അയൽരാജ്യമായ ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോയിലെ കത്തീഡ്രലിൽ ഈസ്റ്റർദിനത്തിൽ അരങ്ങേറിയ ഭീകരതാണ്ഡവം നൂറിൽപ്പരം ക്രൈസ്തവവിശ്വാസികളുടെ ജീവനെടുത്തിട്ടും പ്രതികരിക്കാത്തവർ പലസ്തീനുവേണ്ടി മാത്രമായി കണ്ണീരൊഴുക്കുമ്പോൾ അപാകതയില്ലേ?

അമേരിക്കയിലും ഓസ്ട്രേലിയയിലും ജർമനിയിലും ഫ്രാൻസിലും ഇറ്റലിയിലുമായി ക്രൈസ്തവസ്കൂളുകളിൽ നടന്ന വെടിവെയ്പുകൾ, അൾത്താരയിൽ ബലിയർപ്പിച്ചുകൊണ്ടിരുന്ന വൈദികനെ വെടിവെച്ചുകൊന്ന ഭീകരത, കാർട്ടൂണിസ്റ്റ് സാമുവൽ പാറ്റിയെ വധിച്ചത്, തെരുവോര സംഘർഷങ്ങൾ, ആൾക്കൂട്ടത്തിലേക്കു കാറിടിപ്പിച്ചുള്ള അരുംകൊലകൾ തുടങ്ങി മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്ന ഭീകരവാദകൊലപാതകങ്ങൾ നിരന്തരം ലോകത്തുടനീളം ആവർത്തിക്കുമ്പോഴും കണ്ണടച്ച് അന്ധരായി അഭിനയിക്കുന്നവർ ഗാസയുടെ പേരിൽ മാത്രം കണ്ണീരൊഴുക്കുന്നതിന്റെ വികാരമെന്തെന്നു തിരിച്ചറിയുവാൻ അരിയാഹാരം കഴിക്കുന്നവർക്കാകും.

ഒട്ടേറെ ഇസ്ലാമികഭീകരസംഘങ്ങളുടെ ഒത്താശയോടെ ലോകത്തുടനീളം അനുദിനം നടന്നുകൊണ്ടിരിക്കുന്ന ഭീകരവാദികളുടെ സംഹാരതാണ്ഡവത്തെ തമസ്കരിക്കാനുള്ള ഒരു അടവുതന്ത്രമായി മാത്രമേ പലസ്തീൻ ഐക്യദാർഢ്യത്തെ കാണാനാവൂ. പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള കുതന്ത്രമെന്നും ഇതിനെ പറയാം. ഇത്തരം ഭീകരവാദ അജണ്ടകളുടെ കുഴലൂത്തുകാരായി മാധ്യമങ്ങളും ഒരു പരിധിവരെ അധഃപതിച്ചിരിക്കുന്നു. ചില പ്രമുഖ മാധ്യമങ്ങൾ ഭീകവാദസംഘങ്ങളുടെ നിയന്ത്രണത്തിലാണെന്നുള്ളത് സാധാരണ ജനസമൂഹം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. വിലയ്ക്കുവാങ്ങിയ മാധ്യമങ്ങളുടെ വായ്മൊഴികളും വരമൊഴികളും മാത്രം കേട്ട് ആഗോളതലത്തിൽ ആസൂത്രിതമായി അരങ്ങേറുന്ന ഭീകരവാദത്തെ വിലയിരുത്തരുത്. ഇന്നിന്റെ ലോകം കണ്ട ഏറ്റവും വലിയ ഭീകരവാദ കൂട്ടക്കൊലയ്ക്ക് സാക്ഷ്യം വഹിച്ചത് ഇറാക്കിൽ നടന്ന ഇസ്ലാമിക് സ്റ്റേറ്റിന്റെ സംഹാരതാണ്ഡവമാണ്. നാലുലക്ഷത്തോളം യസീദി ക്രൈസ്തവരെ അതിക്രൂരമായി കൊന്നൊടുക്കിയും, പീഡിപ്പിച്ചും, അരങ്ങേറിയ ഐഎസ് ഭീകരതയ്ക്കെതിരേ പ്രതികരിക്കാനോ പ്രതിഷേധിക്കാനോ തയ്യാറാകാതെ മനഃസാക്ഷി മരവിച്ചവരുടെ പുത്തൻ കുതന്ത്രങ്ങൾ തിരിച്ചറിയണം.

**കേരളം മാറുന്നു**

പതിറ്റാണ്ടുകളായി കേരളസമൂഹം നെഞ്ചിലേറ്റുന്ന രാഷ്ട്രീയനേതൃത്വങ്ങൾപോലും ഭീകരവാദികൾക്കുമുമ്പിൽ വോട്ടുരാഷ്ട്രീയത്തിന്റെ പേരിൽ മുട്ടുമടക്കുന്ന ദയനീയ കാഴ്ച കൺമുമ്പിലുള്ളപ്പോൾ ഈ മണ്ണിലും ഭീകരർ വരുംനാളുകളിൽ അഴിഞ്ഞാടുമെന്നുറപ്പാണ്. അരിയും മലരും കുന്തിരിക്കവും കരുതിക്കൊള്ളാൻ വിളിച്ചുപറയുന്ന ബാലന്റെ ചിത്രം സാക്ഷരസമൂഹത്തിനു നൽകന്നത് വരാനിരിക്കുന്ന ഭീകരവാദ മുന്നറിയിപ്പാണ്. ഭീകരവാദത്തിന്റെ സ്ലീപ്പിങ് സെല്ലുകൾ കേരളത്തിലുണ്ടെന്ന് മുന്നറിയിപ്പു നൽകിയത് കേന്ദ്ര-സംസ്ഥാന സർക്കാർ സംവിധാനങ്ങളും യുണൈറ്റഡ് നേഷൻസുമാണ്. വഖഫ് നിയമഭേദഗതിക്കെതിരേ ജമാ അത്തെ ഇസ്ലാമിയുടെ ഭാഗമായ എസ്ഐഒയും സോളിഡാരിറ്റിയും നടത്തിയ കരിപ്പൂർ വിമാനത്താവള ഉപരോധത്തിൽ തീവ്രവാദപ്രസ്ഥാനങ്ങളായ മുസ്ലീംബ്രദർഹുഡ്, ഹമാസ് നേതാക്കളുടെ ചിത്രങ്ങൾ ഉയർത്തപ്പെട്ടത് നൽകുന്ന സൂചനകളും കാണാതെ പോകരുത്. ആഗോളഭീകരതയുടെ വിത്തുൽപാദനകേന്ദ്രമെന്നറിയപ്പെടുന്ന മുസ്ലീം ബ്രദർഹുഡിന്റെ ഉൽപന്നമാണ് ഹമാസ്. ഇവർ നിയന്ത്രിക്കുന്ന ഭരണമാണ് പലസ്തീനിലുള്ളത്. കുട്ടികളെയും സ്ത്രീകളെയും കവചങ്ങളാക്കിയുള്ള ഇവരുടെ ഭീകരതയാണ് ചോദ്യം ചെയ്യപ്പെടേണ്ടതും. ഈ ആഗോള മതഭീകരതയ്ക്കെതിരെ കൈകോർക്കാൻ ഇന്നിന്റെ മനുഷ്യമനഃസാക്ഷി ഉണരട്ടെ.

ഹമാസിന്റെ ലക്ഷ്യം വംശഹത്യയാണ്. യഹൂദരും ക്രിസ്ത്യാനികളും ഇല്ലാത്ത ലോകമാണ് അന്തിമലക്ഷ്യമെന്ന് ഹമാസ് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. യഹൂദരെയും ക്രൈസ്തവരെയും ഭൂലോകത്തുനിന്ന് ഉന്മൂലനം ചെയ്യുകയെന്ന അന്ത്യലക്ഷ്യത്തിലെത്താനുള്ള ചുവടുവയ്പുകൾ മാത്രമാണ് വിവിധ രാജ്യങ്ങളിലിപ്പോൾ അരങ്ങേറുന്ന ഭീകരാക്രമണങ്ങൾ. മുല്ലപ്പൂവിപ്ലവത്തിന്റെ രൂപത്തിൽ മധ്യപൂർവദേശങ്ങളിൽ തകർത്താടുന്ന ഭീകരവാഴ്ച സൃഷ്ടിച്ച മനുഷ്യപലായനം ഇന്നു പ്രധാനമായും വിഴുങ്ങിയിരിക്കുന്നത് യൂറോപ്യൻരാജ്യങ്ങളെയാണ്. യൂറോപ്യൻജനതയുടെ കരുണയും അനുകമ്പയും സമ്പത്തും അവസരമാക്കി അഭയാർഥികളോടൊപ്പം മുസ്ലീം ഭീകരവാദികളും ചേക്കേറി ഈ രാജ്യങ്ങളിൽ ഇന്ന് അഴിച്ചുവിടുന്ന കൊടുംക്രൂരതകൾ ലോകമനഃസാക്ഷിയെ ഞെട്ടിക്കുന്നു.

മതഭീകരതയുടെ അടുത്ത നാളുകളിലെ ഇരയാണ് അമേരിക്കയിൽ വെടിയേറ്റു മരിച്ച ചാൾസ് കിർക്ക് എന്ന യുവസുവിശേഷകൻ. അഭയാർഥിപലായനവും ഭീകരവാദഅജണ്ടകളും ശരിയത്ത് ഭരണം നടത്തുന്ന ഗൾഫ് രാജ്യങ്ങളിലേക്കു നടക്കുന്നില്ലെന്നുള്ളതും പ്രത്യേകം കൂട്ടിവായിക്കേണ്ടതാണ്. യു എ ഇ, ബഹ്റൈൻ തുടങ്ങി ആറ് ഗൾഫ് രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത് ഒരു പരിധിവരെ സമാധാനത്തിന്റെ പാതകളാണ്. പല ഗൾഫ് രാജ്യങ്ങളും ഇസ്രയേലുമായി നല്ല ബന്ധത്തിലുമാണ്. യു എ ഇ യും ഇസ്രയേലുമായി ഒപ്പിട്ട് അംഗീകരിച്ച എബ്രാഹം ഉടമ്പടിയും വ്യാപാരബന്ധങ്ങളും ഇതിന് ഉദാഹരണം. കഴിഞ്ഞ മാസം ഖത്തറിലേക്ക് ഇസ്രയേൽ നടത്തിയ ബോംബാക്രമണം ഖത്തറിനെതിരെയായിരുന്നില്ല. ഖത്തറിൽ തമ്പടിച്ചിരിക്കുന്ന ഹമാസ് നേതൃത്വത്തിലെ ഉന്നതരെ തകർക്കുകയായിരുന്നു ലക്ഷ്യം. ഹൂതികളുടെ ഭീഷണി നിരന്തരം നേരിടുന്ന സൗദി അറേബ്യയും ഹമാസിനെ അനുകൂലിക്കുന്നില്ല. ഇസ്രയേൽ-പലസ്തീൻ പ്രശ്നത്തിൽ ഈ 6 മുസ്ലീം രാജ്യങ്ങൾക്കുമില്ലാത്ത ആകുലതയാണ് കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾക്കും ചില മുസ്ലീം സമുദായ സംഘടനകൾക്കുമെന്നത് പരാമർശിക്കാതെ തരമില്ല. മുൻ ഇറാക്ക് പ്രസിഡന്റ് സദ്ദാം ഹുസൈനെ തൂക്കിലേറ്റിയപ്പോൾ ലോകത്ത് ഒരിടത്തുമാത്രമേ ദുഃഖാചരണമുണ്ടായുള്ളൂ. അത് ബന്ദിന്റെ രൂപത്തിൽ സാക്ഷരകേരളത്തിൽ മാത്രമാണ്. ഇതെല്ലാം നൽകുന്ന സൂചനകൾ ഭാവിയിൽ സൃഷ്ടിക്കാവുന്ന ഭീകരവാദവെല്ലുവിളികളെ വൈകിയ വേളയിലെങ്കിലും തിരിച്ചറിയാൻ അറിവും വിദ്യാഭ്യാസവും വിവരവുമുള്ളവരെന്ന് സ്വയം അഭിമാനിക്കുന്നവർക്കാകണം.

**ഭീകരത തുടച്ചുനീക്കണം**

ഭീകരവാദ അജണ്ടകളെ വെള്ളപൂശി വെളുപ്പിച്ചെടുക്കുകയല്ല; മറിച്ച് അറത്തുമാറ്റി തുടച്ചുനീക്കുകയാണു വേണ്ടത്. സംഘടിത ഭീകരതയുടെ മറവിൽ എന്തുമാകാമെന്ന അവസ്ഥയിലേക്കു സാക്ഷരകേരളം ഓരോ ദിവസവും ക്രമേണ വഴുതിമാറുന്നത് ഭയമുളവാക്കുന്നു. സമാധാനം പ്രസംഗിക്കുന്ന മതങ്ങളിൽ മാത്രമല്ല; രാഷ്ട്രീയസാമൂഹികഭരണസംവിധാനങ്ങളിലുടനീളം ഇത്തരം ഭീകരപ്രസ്ഥാനങ്ങൾ വിവിധ രീതികളിൽ പിടിമുറുക്കിയിരിക്കുന്നതു നിസ്സാരവൽക്കരിക്കരുത്. ഗാസയിലെ പലസ്തീനികൾ മാത്രമല്ല, അഫ്ഗാനിസ്ഥാൻ, ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോ, സിറിയ, യെമൻ, സൊമാലിയ, മാലി, നൈജീരിയ, കാമറൂൺ, സുഡാൻ, ആഫ്രിക്കൻ റിപ്പബ്ലിക് എന്നിങ്ങനെ വിവിധ രാജ്യങ്ങളിൽ മതഭീകരതയുടെ സംഘടിത ആക്രമങ്ങളിൽ മരിച്ചുവീഴുന്ന കുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ളവർ നമ്മുടെ സഹോദരരാണെന്നുള്ളതു ബോധപൂർവം വിസ്മരിക്കുന്നതു ശരിയല്ല.

ഭീകരാക്രമണത്തിന് ഇരകളാകുന്നവരുടെ മതവിശ്വാസങ്ങളിൽ വ്യത്യാസങ്ങളുണ്ടാകാം. കറുപ്പും വെളുപ്പുമുൾപ്പെടെ ശരീരനിറങ്ങൾ വ്യത്യസ്തങ്ങളാകാം. ഭാഷയും സംസ്കാരവും രാഷ്ട്രീയവും വിഭിന്നങ്ങളുമാകാം. എന്നാൽ, ഇവരുടെയെല്ലാം അഥവാ നമ്മുടെയെല്ലാം ശരീരത്തിലെ സിരകളിലൂടെ ഒഴുകുന്ന രക്തത്തിന് ഒരു നിറമാണ്. മനുഷ്യരെ കൊന്നൊടുക്കി രക്തപ്പുഴയൊഴുക്കുന്ന ഭീകരവാദികൾക്കെതിരെയായിരിക്കണം മതവും വർഗവും വർണവും ജാതിയും രാഷ്ട്രീയവും നോക്കാതെ പൊതുസമൂഹം ഒന്നുചേരേണ്ടത്. വർഗീയവിഷം ചീറ്റുന്ന മതഭീകരവാദത്തെ പുൽകുന്ന ദുഷ്ടശക്തികളെ ഒറ്റപ്പെടുത്തുവാനും അവർക്കെതിരെ വിരൽ ചൂണ്ടുവാനും നമുക്കു കൈകോർക്കാം. ■

ബാലനോവൽ 5

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

"അതെയതെ. എനിക്കു തോന്നുന്നുത് കരയുന്നത് ഒരു കഴുതയോ മാനോ മറ്റോ ആണെന്നാണ്."

"പക്ഷേ, എവിടെനിന്നുമാണ് ശബ്ദം വരുന്നത്?"

"നമുക്കു നോക്കാം." ആളുകൾ ചുറ്റും നോക്കി.

"ദേ നോക്കിയേ. ആ കുഴിയിൽനിന്നാണ് ശബ്ദം വരുന്നത്."

"ആ കുഴിയിൽനിന്നോ? അത് ആനയെ വീഴ്ത്തുന്ന കുഴിയാണ്. അതിൽ വീണുപോയാൽ ഒരു പൊടിപോലും ചിലപ്പോൾ കിട്ടില്ല."

രണ്ടാളുംകൂടി കുഴിയുടെ അടുത്തേക്കു നടന്നു. അതു കണ്ടതും റായൽ കുഴിയിലേക്കു നോക്കി വിളിച്ചു പറഞ്ഞു:

"അതാ അവർ വരുന്നുണ്ട്." തേള് പറഞ്ഞതു കേട്ടതും വളരെ ഉച്ചത്തിൽ കഴുത കരയാൻ തുടങ്ങി. ആളുകൾ നോക്കുമ്പോൾ കുഴിയിൽ ഒരു വലിയ കഴുത.

"ദേ നോക്ക്. ഒരു കഴുത."

""അയ്യോ! അതെങ്ങനെ കുഴിയിൽ വീണു?"

"നമുക്ക് അതിനെ മുകളിൽ കയറ്റാം."

"നിൽക്ക് നിൽക്ക്. ഞാനൊന്നു ശെരിക്കും അതിനെ നോക്കട്ടെ. നമ്മൾ അതിനെ മുകളിൽ കയറ്റുന്നതുകൊണ്ട് നമുക്ക് എന്തെങ്കിലും ഗുണം വേണ്ടേ?"

ഒരാൾ കഴുതയെ സൂക്ഷ്മമായി നോക്കിക്കൊണ്ട് പറഞ്ഞു.

"അതു ശരിയാണ്. കണ്ടിട്ട് നല്ലയിനം കഴുതയാണെന്നു തോന്നുന്നു."

"അങ്ങനെയാണ് എനിക്കും തോന്നുന്നത്. നമുക്ക് ഇതിനെ മുകളിൽ കയറ്റിയിട്ട് ഗ്രാമത്തലവനു വിൽക്കാം. അദ്ദേഹം നല്ല വില തരും. കുറച്ചുദിവസം മുമ്പ് എന്നോട് ഒരു കഴുതയെ വാങ്ങുന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞിരുന്നു."

"അങ്ങനെയാണോ, എന്നാൽ നമുക്ക് ഉടനെ കഴുതയെ ഗ്രാമത്തലവന്റെ അടുത്തേക്കു കൊണ്ടു പോകാം."

"ഞാൻ ഒന്നുകൂടി അതിനെ നോക്കട്ടെ. കാലിനോ കൈക്കോ ഒടിവോ ചതവോ ഉണ്ടേൽ ഗ്രാമത്തലവൻ വാങ്ങില്ല."

"ഞാൻ നോക്കിയിട്ട് ഈ കഴുതയ്ക്ക് ഒരു കുഴപ്പവുമില്ല."

"പക്ഷേ, ഈ കുഴിയിൽ വീണാൽ നല്ല പരിക്കു പറ്റേണ്ടതല്ലേ?"

ഒരാൾ സംശയം ചോദിച്ചു.

"അതിനൊരു കാരണമുണ്ട് സുഹൃത്തേ. ദേ ആ വള്ളി കണ്ടോ."

ഒരാൾ കുഴിയുടെ മറുഭാഗത്തു തൂങ്ങിക്കിടന്ന കാട്ടുവള്ളി ചൂണ്ടി പറഞ്ഞു.

"ആ വള്ളിയിൽ കാലു കുരുങ്ങി വീണാൽ താഴെ വീഴുമ്പോൾ ഒന്നും പറ്റൂല്ല. കാരണം




ആ വള്ളി താഴെ വരെ സ്പ്രിംഗ്പോലെ താണുപോകും. ശേഷം പൊങ്ങി വരും.."

"അതു കൊള്ളാമല്ലോ."

"ദേ നോക്ക്, ആ കഴുതയ്ക്ക് ഒരു പ്രശ്നവും ഇല്ല. നമുക്ക് അതിനെ മുകളിൽ കയറ്റാം."

"അതെ. വെറുതെ സംസാരിച്ചു നേരം കളയണ്ട."

പിന്നെ വൈകിയില്ല. പെട്ടന്ന് ഗ്രാമത്തിലേക്കു ചെന്നിട്ടു കയറും മറ്റു സാധനങ്ങളും എടുത്തുകൊണ്ട് അവർ തിരികെവന്നു. അവർ കയറിൽ വലിയ പലക കെട്ടി കുഴിയിലേക്കിറക്കിത്തുടങ്ങി. ഇതെല്ലാം വളരെ ശ്രദ്ധയോടെ ഡോസി നോക്കിനിൽക്കുന്നുണ്ടായിരുന്നു. അവന്റെ അമ്മ പറഞ്ഞതുപ്രകാരം മനുഷ്യന്മാർ ഒരു പ്രത്യേകതരമാണ്. അവരെ ഇണക്കിയെടുക്കുന്നത് കുറച്ചു പ്രയാസമാണ്. എന്നാലും വിചാരിച്ചാൽ പറ്റും. അപ്പോഴേക്കും മറ്റു ചില ആളുകളും ഇവരുടെ കൂടെ കൂടി.

"കഴുത മുകളിലേക്കു വന്നാൽ ഉടനെ വലയിട്ടോണം."

"നമുക്കും പലകയിൽ കയറി താഴേക്കിറങ്ങിയാലോ?" ഒരാൾ ചോദിച്ചു.

"അതുവേണ്ട... കാട്ടിലെ കഴുതയാ... ചിലപ്പോൾ ഉപദ്രവിച്ചാലോ... ആദ്യം പലകയിൽ കയറുമോ എന്നു നോക്കട്ടെ." കൂട്ടത്തിൽ മുതിർന്ന മനുഷ്യൻ പറഞ്ഞു.

"ശരിയാണ്. കഴുത ഏതുതരമാണെന്ന് മുകളിൽ വന്നാലേ നമുക്കു തീരുമാനിക്കാൻ പറ്റൂ." ആളുകൾ പറയുന്നതെല്ലാം ഡോസി ശ്രദ്ധയോടെ കേട്ടു. ഇടയ്ക്ക് അവൻ കീരയോടു പറയും:

"നിങ്ങൾ തയ്യാറായി നിൽക്ക്. ഞാൻ പറഞ്ഞ ഉടനെ ചാടിക്കയറണം."

മുകളിൽനിന്നും തന്നെ കയറ്റാനുള്ള പലക വരുന്നതും നോക്കി ഡോസി നിൽക്കുകയാണ്. അവന്റെ മനസ്സിൽ ഭയം നിറഞ്ഞു. ആളുകളാണ്. ആദ്യമായിട്ടാണ് ഡോസി മനുഷ്യന്റെ അടുത്തിടപെടാൻ പോകുന്നത്. അതുകൊണ്ടുതന്നെ അവന്റെ ഹൃദയം കൂടുതൽ ശക്തമായി ഇടിക്കാൻ തുടങ്ങി.

(തുടരും)

ശ്രേഷ്ഠമലയാളം

# മുഖരിതം



ഡോ. ഡേവിസ് സേവ്യർ

അർഥമറിയാതെ പ്രയോഗിക്കുന്ന വാക്കുകളിൽ ഒന്നാണ് മുഖരിതം. ശബ്ദിക്കപ്പെട്ടത് (ശബ്ദം നിറഞ്ഞത്) എന്നാണ് ആ വാക്കിന്റെ അർഥം. ഇതു മനസ്സിലാക്കാതെ 'ശബ്ദമുഖരിതം' എന്നെഴുതുമ്പോൾ, അനാവശ്യമായ ആവർത്തനം സംഭവിക്കുന്നു! അനാവശ്യപദങ്ങൾ പ്രത്യാഗമിക്കുന്ന പ്രവണതയാണത്. പുനരുക്തി എന്ന ദോഷം അവിടെ വന്നുചേരുന്നു. ഉക്തി = വാക്ക്. ഒരേ അർഥം വരുന്ന പദങ്ങൾ ആവർത്തിച്ചു പ്രയോഗിക്കുന്നതാണ് പുനരുക്തിദോഷം അഥവാ പൗനരുക്ത്യം. 'ശബ്ദമുഖരിതം' തെറ്റായ പ്രയോഗമാണ്. ഒന്നുകിൽ മുഖരിതം എന്നോ അല്ലെങ്കിൽ ശബ്ദം നിറഞ്ഞത് എന്നോ ഉപയോഗിച്ചാൽ മതിയാകും. രണ്ടും ചേർന്നു വരുന്ന 'ശബ്ദമുഖരിത'ത്തിന് ആവർത്തനത്തിന്റെ അസ്വാരസ്യമുളവാക്കലേ ഉള്ളൂ. വിശേഷിച്ചൊരു മേന്മയും ഇല്ല.

പുനരുക്തിദോഷം ഭാഷയിൽ ഏതെല്ലാം തരത്തിലാണ് സംഭവിക്കുക എന്നതിന് കൈയും കണക്കുമില്ല എന്നു പ്രൊഫ. പന്മന രാമചന്ദ്രൻനായർ നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹം നൽകിയിട്ടുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു: "ധൂളിപ്പൊടി, ഗേറ്റുവാതിൽ, ശരീരബോഡി, നടുമധ്യം, ട്രങ്കുപെട്ടി, അഷ്ടചൂർണപ്പൊടി, ഡബിൾക്കോട്ടുകട്ടിൽ, പൊടിഭസ്മം, പോസ്റ്റുതൂണ്, ലൈറ്റുവെട്ടം, അർദ്ധപകുതി, വടിക്കമ്പ്, സുകുമാരഘൃതനെയ്യ്, ഗോപാൽ ഇങ്കുമഷി ഇവയിലെല്ലാമുണ്ട് ഒരേ അർഥമുള്ള രണ്ടു വാക്കുകൾ.* കൂടാതെ, ഭയചകിതൻ, വയസ്സു ചെന്ന കിളവൻ, സ്വയം ആത്മഹത്യ ചെയ്തു, അദ്ദേഹം തന്റെ ആത്മകഥയെഴുതി, കാല്പാദം, നയനബാഷ്പം തുടങ്ങിയ ഉദാഹരണങ്ങളിലും പുനരുക്തിദോഷം കാണാം.

"Life is a tale told by an idiot, full of sound and fiery signifying nothing (Macbeth Shakespeare)" ജീവിതം ശബ്ദായമാനവും അന്തസ്സാരശൂന്യവുമായ ഏതോ വിഡ്ഢി പറഞ്ഞ കടങ്കഥയാണ് എന്ന വാക്യം, സാംബശിവന്റെ കഥാപ്രസംഗത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും കേട്ടത് ഇപ്പോഴും ഓർമയിലുണ്ട്. മുഖരിതം എന്ന വാക്കിനു പകരമാണല്ലോ സാംബശിവൻ ശബ്ദായമാനം എന്നു പ്രയോഗിച്ചത്. എന്തായാലും 'ശബ്ദമുഖരിതം' വേണ്ടേ വേണ്ടാ!

* രാമചന്ദ്രൻനായർ, പന്മന, നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം – 64.

കവിത

സുലോചന രാജൻ

# സ്വപ്നങ്ങൾ പൂത്തെങ്കിൽ

അക്ഷരമുത്തു പെറുക്കി ഞാൻ നല്ലൊരു
അസ്ത്രമുണ്ടാക്കി വയ്ക്കും.
യുദ്ധക്കളത്തിലിറങ്ങിടും ഞാനൊരു
യുദ്ധം ജയിച്ചു വാഴും.

നാട്ടിലെ തിന്മകളാകും പിശാചിന്റെ
നേർക്കു ശരം തൊടുക്കും
ആർത്തലച്ചപ്പോൾ പിടഞ്ഞു മരിച്ചിടും
ദുഷ്ടരാം രാക്ഷസൻമാർ.

സ്നേഹബന്ധത്തിന്റെ താഴിട്ടുപൂട്ടും ഞാൻ
മാനവസോദരരെ
നേർവഴി കാട്ടിത്തെളിച്ചുകൊടുത്തിടും
ജ്ഞാനമാകും പ്രകാശം.

എന്നിൽ മുളച്ചുപൊന്തിടുന്നൊരീ സ്വപ്ന –
മൊക്കെയും സാധ്യമാകാൻ
എന്നെങ്കിലും കഴിഞ്ഞീടണമെന്നൊരു
ആഗ്രഹമുണ്ടെനിക്ക്.

നന്മകൾ മാത്രം വിളയുന്ന നല്ലൊരു
ലോകം പണിതീടണം
നല്ലവരായി വസിച്ചിടാൻ ഭൂമിയിൽ
ഒന്നിച്ചു കൈകൾകോർക്കാം.

സ്വപ്നങ്ങളൊക്കെയും
പൂത്തുവെങ്കിൽ ലോകം
സ്വർഗമായ് മാറ്റിയേനെ
ഞാനൊരു സ്വർഗമായ് മാറ്റിയേനെ.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 32 Date of Publication 9 October 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



## പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2025 ഒക്ടോബർ 19 ഞായർ മുതൽ 28 ചൊവ്വ വരെ



**തിരുനാൾ ദിവസങ്ങളിൽ 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന**

ക്രിസ്തുശിഷ്യനും അദ്ഭുതപ്രവർത്തകനും അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനുമായ വിശുദ്ധ യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ പാലാ കിഴതടിയൂർ പള്ളിയിൽ 2025 ഒക്ടോബർ 19 ഞായർ മുതൽ 28 ചൊവ്വ വരെ ഭക്തിപൂർവ്വം ആഘോഷിക്കുന്നു. തിരുനാളിൽ സംബന്ധിച്ച് വിശുദ്ധ യൂദാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്
പള്ളിക്കാര്യത്തിൽനിന്ന്

റവ. ഫാ. തോമസ് പുന്നത്താനത്ത് (വികാരി)
റവ. ഫാ. മാത്യു വെണ്ണായപ്പിള്ളിൽ (സഹവികാരി)
റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ (പാസ്റ്ററൽ അസിസ്റ്റന്റ്)

● കൈക്കാരന്മാർ ●

റ്റോമി കെ.കെ. കട്ടുപ്പാറയിൽ
കെ.സി. ജോസഫ് കൂനംകുന്നേൽ
ജോജി ജോർജ് പൊന്നാടംവാക്കൽ
ടോമി സെബാസ്റ്റ്യൻ ഞാവള്ളിമംഗലത്തിൽ

### പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

**2025 ഒക്ടോബർ 19 ഞായർ**

9.45 a.m. തിരുനാൾ കൊടിയേറ്റ്
വെരി റവ. ഡോ. ജോസ് കാക്കല്ലിൽ

10.00 a.m. ആഘോഷമായ വിശുദ്ധ കുർബാന

**2025ഒക്ടോബർ 26 ഞായർ**

09.30 a.m. വിശുദ്ധന്റെ തിരുസ്വരൂപം പരസ്യവണക്കത്തിനു പ്രതിഷ്ഠിക്കുന്നു
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

**2025 ഒക്ടോബർ 27 തിങ്കൾ**

04.45 p.m. പ്രസുദേന്തി സമർപ്പണം
മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്

**2025 ഒക്ടോബർ 28 ചൊവ്വ**
**പ്രധാന തിരുനാൾ ദിവസം**

05.15 a.m. നെയ്യപ്പനേർച്ച വെഞ്ചരിപ്പ്

10.00 a.m. ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്

12.00 noon തിരുനാൾപ്രദക്ഷിണം
നൊവേന, തിരുശ്ശേഷിപ്പിന്റെ ചുംബനം

തിരുനാൾ ദിവസങ്ങളിൽ അരിസമർപ്പണ നേർച്ച നടത്തുന്നതിനും വിശുദ്ധന്റെ തിരുശ്ശേഷിപ്പു വണങ്ങുന്നതിനും, അടിമ വയ്ക്കുന്നതിനും 26, 27, 28 (ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ കഴുന്ന്, വടി എഴുന്നള്ളിക്കുന്നതിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

● എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30 am, 7.00 am, 10.00 am, 12.00 noon, 3.00 pm, 5.00 pm, 7.00 pm എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും. ● രാവിലെ 5.15 മുതൽ വൈകുന്നേരം 6.00 വരെ കുമ്പസാരിക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും

നേർച്ചകൾ, സംഭാവനകൾ, അപേക്ഷകൾ, അനുഗ്രഹഅറിയിപ്പുകൾ എന്നിവ നല്കേണ്ട വിലാസം:
St. Joseph's Church & St. Jude Shrine, Kizhathadiyoor
Pala P.O. - 686 575, Kizhathadiyoor, Tel: 04822-215087, 9497362880
Email: stjudekizhathadiyoor@gmail.com, Web: www.kizhathadiyoorchurch.com

പ്രാർഥനാനിർഭരമായ തിരുനാൾ ആശംസകൾ

വൈപ്പന ദന്താശുപത്രി, പാലാ

PHONE : 04822-212015 (Off.), 205168, 205282 (Res.)
Working Time : 9.00 a.m. - 12.30 p.m.

Dr. Alex Abraham BSc. B.D.S.
Dr. Mrs. Thresiamma Alex B.D.S.
Dr. Joseph Sebastian B.D.S., MDS (Ortho)

SAINT JUDE ELECTRICALS & SANIWARES
Santhom Shopping Complex, Kottaramattom-PALA
Ph: 04822-200377, 200277 8078390426 (shop), Mob: 9447302262

legrand Finolex AO Smith ASTRAL ZEW sunlit CRI V-GUARD

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉത്പന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേസ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

തിരുനാൾ ആശംസകൾ




YOUDHA MEATS Mob: 9496990584, 9946848408, 9349903315, 9495706241
യൂദാ മീറ്റ്സ്
പുഴക്കര, പാലാ
PH: 8589942837

ആട്, പോത്ത്, പോർക്ക്, നാടൻ പന്നി, നാടൻകോഴി, നാടൻ താറാവ്, ബ്രോയ്‌ലർ കോഴി, ബ്രോയ്‌ലർ താറാവ്, ഇടിയിറച്ചി, ഉണക്കയിറച്ചി, വാരിയിറച്ചി, കരൾ, പോട്ടി, കറിയെല്ല്, തലച്ചോറ്, മസാലപ്പൊടികൾ etc

ഏറ്റുമാനൂർ
മണർകാട്
കുറുപ്പന്തറ
കടുത്തുരുത്തി
കൂടല്ലൂർ
തലയോലപ്പറമ്പ്
കോട്ടയം

ഞായർ അവധി

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org